(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-14/936/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ. തിയതി.08.10.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
മൂന്നാർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :- മൂന്നാർ ഗ്രാമ പഞ്ചായത്ത്-2017-18- സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) .

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

പകർപ്പ്,
1.ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരി പത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പ്രതി.

നം.കെ.എസ്.എ-ഐ.ഡി.കെ.14/936/2018 തീയതി: 08.10.2018

# ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 12.06.2017 മുതൽ 30.06.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വി. സിനി,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2018 മുതൽ 11.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ടി.എസ്.ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ജി.സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം. കെ. അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആർ സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ആർ കറുപ്പ് സ്വാമി | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. എ.പി ഫ്രാൻസീസ് | 01-04-2017 മുതൽ 31-03-2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ. പി.ബി മനോജ്കുമാർ | 01-03-2017 മുതൽ 31-03-2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. പി.ആർ സുഗതൻ | 01-04-2017മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഗ്രീഷ്മ മാത്യു. | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പി.എൻ. തുളസി | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ ആരോഗ്യം | ഡോ. ജിന. എം | 01-04-2017മുതൽ 25.12.2017 വരെ |
| | ഡോ.ഹരികൃഷ്ണൻ | 26.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. അനൂപ് ജോസ് | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ശ്രീജൻ | 01-04-2017 മുതൽ 13.08.2017 വരെ |
| | ഡോ.രഞ്ജിനി മാത്യു | 14.08.2017 മുതൽ 30.10.2017 വരെ |
| | ഡോ.ശ്രീദർശൻ | 31.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. സെൽവം | 01-04-2017 മുതൽ 13-06-2017 വരെ |
| | ഡോ.ഷീലാ സാലി | 14-06-2017 മുതൽ 05-10-2017 വരെ |
| | ഡോ രാമസ്വാമി | 06-10-2017 മുതൽ 31.03.2018 വരെ |
| ഗ്രാമസേവകൻ | ശ്രീമതി ബീന.എസ്. | 01-04-2017മുതൽ 06-03-2017 വരെ |

| | | |
|---|---|---|
| | ശ്രീ.ജയരാജ് വി | 06-03-2018 മുതൽ 31.03.208 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം- 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്ക് പരിശോധന | 1-12 |
| II | ഭാഗം 2 | |
| 13 | പ്രത്യേകലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു | 2-1 |
| 14 | ലോഡ്ജിംഗ് ഹൗസ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 2-2 |

| | | |
|---|---|---|
| 15 | നിശ്ചിത നിരക്കിൽ വാടക ഈടാക്കിയില്ല | 2-3 |
| 16 | വരവിനങ്ങളിൽ ഗണ്യമായ തുക കുടിശ്ശികയായി തുടരുന്നു. | 2-4 |
| 17 | പാൽ സൊസൈറ്റിയ്ക്ക് കെട്ടിടം വാടകയ്ക്ക് നല്കൽ - നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകൾ | 2-5 |
| 18 | അടിസ്ഥാന സൗകര്യങ്ങളുടെ കുറവും യഥാർത്ഥ അളവും അവഗണിച്ച് ഒക്യുപൻസി നല്കി | 2-6 |
| III | ഭാഗം 3 | |
| 19 | വികസന ഫണ്ട് അലോട്ട്മെന്റിലെ അപാകം മൂലം വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് തികയുന്നില്ല | 3-1 |
| 20 | ഖരമാലിന്യ നിർമ്മാർജ്ജനം-സർക്കാർ ഉത്തരവ് ലംഘിക്കുന്നു-നിർമ്മാർജ്ജനം ഫലപ്രദമല്ല | 3-2 |
| 21 | സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | 3-3 |
| 22 | തെരുവ് വിളക്ക് പരിപാലനം- അവലോകനം | 3-4 |
| 23 | അസി.എൻജിനിയറുടെ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 149, നടപ്പാക്കിയത് 58 | 3-5 |
| 24 | മൂലക്കട അംഗൻവാടി നവീകരണം-ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി | 3-6 |
| 25 | എഫ്.റ്റി.എസ് ജീവനക്കാർ അധികദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു -അംഗീകരിക്കാത്ത ചെലവ് ₹50825/- | 3-7 |
| 26 | അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-8 |
| 27 | വയോജനങ്ങൾക്ക് കട്ടിലുകൾ ലഭ്യമാക്കിയിട്ടില്ല-തടസ്സം ₹64,09,200 | 3-9 |
| 28 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകതകൾ-നിരാകരണം ₹6012/-തടസ്സം ₹3,10,873/- | 3-10 |

| | | |
|---|---|---|
| | | |
| 29 | വെറ്ററിനറി സർജൻ ഫയലുകൾ ഹാജരാക്കിയില്ല. തടസ്സം ₹6,25,000- | 3-11 |
| 30 | ISO-സർട്ടിഫിക്കേഷനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല -തടസ്സം ₹2.24.000/- | 3-12 |
| 31 | സി.എച്ച്.സി യ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-13 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-14 |
| 33 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-15 |
| IV | ഭാഗം 4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| V | അനുബന്ധം | |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

| | | |
|---|---|---|
| 45 | 1)റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>3) ബാലൻസ് ഷീറ്റ് | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

31.03.2017 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകതപരിഹരിച്ച് തിരിച്ചയച്ച തീയതി. |
|---|---|---|---|
| 31.07.2018 | 12.06.2018 | - | - |

പഞ്ചായത്ത് കമ്മറ്റിയുടെ 14.05.2018 ലെ 1(2) നമ്പർ തീരുമാന പ്രകാരം വാർഷിക കണക്ക് അംഗീകരിച്ചു.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.6.18-21.6.18 | നം.കെ.എസ്.എ.ഐ.ഡി.കെ.3-677(46) തീ.31.08.2018. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4. സാമ്പത്തിക വിശകലനം.

| മുന്നിരുപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 9971010.06 | 101841064 | 99223904 | 12588170.06 |

## 1-5 ഫണ്ട് വിശകലനം.(എ.സി.ആർ പ്രകാരം.)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 24397000 | 24397000 | 15402570 | 8994430 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 46614662 | 46614882 | 27485323 | 19129559 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 569769 | 569769 | 424350 | 145419 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 1214000 | 1214000 | 0 | 1214000 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്. | 0 | 3733000 | 3733000 | 2999100 | 733900 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. | 0 | 10382290 | 10382290 | 8186528 | 2195762 |
| എം.എൻ.ആർ.ഇ.ജി.എ.എസ്. (ഭരണചെലവുകൾ) | 13498 | 962367 | 975865 | 924058 | 51807 |
| എം.എൻ.ആർ.ഇ.ജി.എ.എസ്. (ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്) | 0 | 24583740 | 24583740 | 24583740 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-എസ്.എസ്.എ | 338879 | 12624 | 351503 | 0 | 351503 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-പൈക്ക. | 224574 | 8365 | 232939 | 0 | 232939 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-ഐ.സി.ഡി.എസ്. | 3890527 | 783546 | 4674073 | 2274073 | 2400000 |
| ജനറൽ പർപ്പസ് ഫണ്ട്. | 2671559 | 18236000 | 20907559 | 14692778 | 6214781 |
| തനത് ഫണ്ട് (ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്) | 5191869 | 19724585 | 24916454 | 17259334 | 7657120 |
| ഇടുക്കിജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്-ഷോപ്പിംഗ് കോംപ്ലക്സ് | 40669 | 1612 | 42281 | 0 | 42281 |
| ട്രഷറി ടി.എസ്.ബി. | 0 | 897985 | 897985 | 0 | 897985 |
| മറ്റിനം-എസ്.ബി.റ്റി പ്ലാൻ | 451896 | 4304091 | 4755987 | 1788293 | 2967694 |
| എസ്.ബി.ടി(MTZWM) | 74499 | 2775 | 77274 | 0 | 77274 |

കുറിപ്പ്-:
ജനറൽ പർപ്പസ് ഗ്രാന്റിൽ അവശേഷിച്ച ₹6214781/-യിൽ ₹5905213/- തൻവർഷാവസാനം സർക്കാർ തിരികെ എടുക്കുകയും അടുത്ത സാമ്പത്തിക വർഷാദ്യം തിരികെ നൽകുകയും ചെയ്തു.₹309568/- ഉൾപ്പെടെ തൻവർഷാവസാനം ട്രഷറി പി.ഡി. അക്കൗണ്ടിൽ ₹1207553/-അവശേഷിക്കുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 125970374 | 121 | 63962295 | 0 | 94 | 56.27 |

പൂർത്തീകരിക്കാതെ ഉപേക്ഷിച്ച പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൻവർഷ വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13498 | 962367 | 975865 | 924058 | 51807 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | - | 24583740 | 24583740 | 24583740 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 7922900 | 714 |
| വാർദ്ധിക്യകാല പെൻഷൻ | 25976900 | 2182 |
| വികലാംഗപെൻഷൻ | 2529100 | 258 |
| അവിവാഹിത പെൻഷൻ | 73300 | 6 |

## 1-9 ക്യാഷ് പരിശോധന.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2018 ന് 4.30 പി.എം.ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹35151/- യുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

അക്കൗണ്ടിംഗ് സിസ്റ്റം- അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക (1-12) ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ടെങ്കിലും കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നില്ല. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നത് അവധാനതയോടെയാണ്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്, എന്നാൽ കെട്ടിടങ്ങളുടെ വാടക ശരിയായ രീതിയിൽ ഡിമാന്റ് ചെയ്ത് രജിസ്റ്ററിൽ ഉൾപ്പെടുത്തി കളക്ട് ചെയ്യുന്നില്ല, പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ നിലവിൽ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കുന്നില്ല. എന്നാൽ അനുമതി കൂടാതെ തന്നെ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നുണ്ട്. തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി 6 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത് പുനപരിശോധിക്കേണ്ടതാണ്. ഇലക്ട്രിക്കൽസ് ഉപകരണങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ പലതവണയായി വാങ്ങി സ്റ്റോക്കിലെടുത്തിരിക്കുന്നു. പ്രവൃത്തികൾ അളവ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ചെയ്യാത്ത ഇനങ്ങളും അളവ് ബുക്കിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നു. ഖണ്ഡിക (3-6 ) കാണുക. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

<u>ആസൂത്രണ സമിതി രൂപീകരിച്ചിട്ടില്ല.</u>

ജി.ഒ.(എം.എസ്) നം.10/2017/തസ്വഭവ തീയതി 09.01.2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, നിർവ്വഹണം വിലയിരുത്തൽ, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുക, ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുക എന്നീ ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിനായി ജനപ്രതിനിധികളും വിദഗ്ധരും അംഗങ്ങളായുള്ള ഒരു ആസൂത്രണ സമിതി എല്ലാ തദ്ദേശസസ്വയംഭരണസ്ഥാപനങ്ങളും 2017 ജനവരി 16 ന് മുൻപ് രൂപീകരിക്കേണ്ടതാണ്. 12അംഗങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത സമിതിയുടെ അധ്യക്ഷൻ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രസിഡന്റും കൺവീനർ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ സെക്രട്ടറിയും ആയിരിക്കും. കൂടാതെ ആസൂത്രണസമിതി അംഗങ്ങളുടെ പട്ടിക ഫോറം -1ൽ തയ്യാറാക്കി തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നടപടി ഉത്തരവായി പ്രസിദ്ധീകരിക്കേണ്ടതുമാണ്. അസൂത്രണസമിതിയുടെ കാലാവധി ഭരണസമിതിയുടെ കാലാവധി ആയിരിക്കും.

എന്നാൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു സമിതി രൂപീകരിക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്തിന്റെ ജനറൽ കമ്മറ്റിയും ഇത്തരമൊരു സമിതിയെ രൂപീകരിച്ച് അംഗീകരിച്ചിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കൽ</u>

മേൽ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മറ്റിയുടെ

മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 12വർക്കിംഗ് ഗ്രൂപ്പുകൾ അനിവാര്യമായും രൂപീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാന്റിംഗ്കമ്മറ്റിയിലെ ഒരംഗം ആയിരിക്കും വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ. ഓരോവർക്കിംഗ് ഗ്രൂപ്പിലും 10 മുതൽ 15 വരെ അംഗങ്ങൾ ആകാവുന്നതാണ്. അതാത് വിഷയമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, 'അവസ്ഥാരേഖ' യഥാസമയം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കുക, മോണിട്ടറിംഗ് നടത്തുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പട്ടിക ഫോറം -2ൽ തയ്യാറാക്കി തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നടപടി ഉത്തരവായി പുറപ്പെടുവിച്ച് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡ്,ഘടകസ്ഥാപനങ്ങളുടെ നോട്ടീസ്ബോർഡുകൾ, വെബ്സൈറ്റ് എന്നിവയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ് . എന്നാൽ ഇത്തരം നടപടിക്രമങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണ പ്രക്രീയയിലോ നടത്തിപ്പിലോ മോണിട്ടറിംഗിലോ യാതൊരു പങ്കും വഹിക്കുന്നില്ല.12 വർക്കിംഗ് ഗ്രൂപ്പുകളും 09.05 2017 ൽ യോഗം ചേർന്നിരിക്കുന്നു. എന്നാൽ അംഗങ്ങൾ എല്ലാം പങ്കെടുക്കുകയോ കാര്യമാത്ര പ്രസക്തമായ അഭിപ്രായങ്ങൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | റിമാർക്സ് |
|---|---|
| പൊതുഭരണവും ധനകാര്യവും | വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടില്ല. |
| കൃഷിയും അനുബന്ധ മേഖലയും | 7 പേർ ഒപ്പിട്ടിരിക്കുന്നു. തീരുമാനമൊന്നുമില്ല. |
| മൃഗസംരക്ഷരണവും -ക്ഷീരവികസനവും | രണ്ട് തീരുമാനങ്ങൾ .ആയതിൽ ഒരെണ്ണംതൻവർഷം നടപ്പാക്കിയിരിക്കുന്നു. |
| പ്രാദേശികവികസനം | രണ്ട് പേർ മാത്രം യോഗത്തിൽ പങ്കെടുത്തിരിക്കുന്നു. ചെയർമാൻ, കൺവീനർ എന്നിവർ യോഗത്തിൽ പങ്കെടുത്തിട്ടില്ല. 9 തീരുമാനങ്ങൾ മിനിട്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിൽ നിന്ന് ഒരു പദ്ധതിയും തൻവർഷം ഏറ്റെടുത്തിട്ടില്ല. |
| സാമൂഹ്യനീതി | 10 തീരുമാനങ്ങൾ |

| | |
|---|---|
| വനിതാവിഭാഗം | 7പേർ ഒപ്പിട്ടിരിക്കുന്നു.4 തീരുമാനങ്ങൾ |
| പട്ടികജാതി-പട്ടികവർഗ്ഗവിഭാഗം. | 15 പേർ പങ്കെടുത്തു. 6 തീരുമാനങ്ങൾ |
| ആരോഗ്യം | 9 പേർ പങ്കെടുത്തു.15 തീരുമാനങ്ങൾ |
| കുടിവെള്ള വിതരണം ,ശുചിത്വം. | 7പേർ പങ്കെടുത്തിരിക്കുന്നു.തീരുമാനമൊന്നുമില്ല. |
| വിദ്യാഭ്യാസം,കല,സംസ്കാരം,യുവജനക്ഷേമം | 6 പേർ പങ്കെടുത്തു , 9 തീരുമാനങ്ങൾ |
| പൊതുമരാമത്ത് | 8 പേർ പങ്കെടുത്തു. 14 പദ്ധതികൾക്ക് നിർദ്ദേശം. |

സ്റ്റാന്റിംഗ് കമ്മിറ്റികൾ

ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണത്തിൽ സുതാര്യത, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പു വരുത്തുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 162-ാം വകുപ്പു പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകൃതമായിട്ടുണ്ട്. ഓരോ വിഷയമേഖലയുമായി ബന്ധപ്പെട്ട 4 സ്റ്റാന്റിംഗ് കമ്മിറ്റികളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം-വിദ്യാഭ്യാസം എന്നിവയാണത്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഘടന , പ്രവർത്തനം എന്നിവ നിയന്ത്രിക്കുന്നത് 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരമാണ്. മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഓഡിറ്റ് വേളയിൽ പ്രത്യേക പരിഗണന നൽകി പരിശോധിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റികൾ ചട്ടപ്രകാരം സമയപരിധി പാലിച്ച് യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നത് സംശയകരമാണ്. പല സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളും നടപടിക്രമം പാലിച്ച് നടന്നുവെന്നല്ലാതെ ആവശ്യമായ രീതിയിൽ പദ്ധതി ആസൂത്രണ- നിർവഹണ പ്രക്രിയയ്ക്ക് ഉപകരിച്ചില്ല. പദ്ധതി നിർദ്ദേശങ്ങളൊന്നുംതന്നെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ളവ ചർച്ച ചെയ്യുകയോ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുകയോ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെയും നടപടികളിലൂടെയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുകയും വികസന നയരൂപീകരണം നടത്തുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധന ആഗമന-വിനിയോഗപ്രക്രിയകളുടെ മേൽനോട്ടം, സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ, ബജറ്റ് തയ്യാറാക്കൽ, നികുതിനിർണയം-പിരിവ് പുരോഗതി വിലയിരുത്തൽ , അക്കൗണ്ട്സ് പാസ്സാക്കൽ തുടങ്ങിയവയാണ് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലകൾ. തൻവർഷം 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്. മുൻമാസത്തെ കണക്കുകൾ അംഗീകരിക്കുകയായിരുന്നു പ്രധാന അജണ്ട. ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രത്യേക കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. എന്നാൽ നികുതി നിർണയം, നിലവിലുള്ള

വരവുകളുടെ പിരിവ് പുരോഗതി വിലയിരുത്തൽ, വരുമാന വർദ്ധനവിനുള്ള നൂതന മാർഗങ്ങൾ കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ സാർത്ഥക ചർച്ചകൾ/വിലയിരുത്തൽ നടന്നതായി രേഖയില്ല. ഫലപ്രദമായ ധനവിനിയോഗം സാധ്യമാക്കുന്നതിനുള്ള 3 പ്രമാണങ്ങൾ –economy, efficiency, effectiveness-ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കുറ്റമറ്റ പ്രവർത്തനത്തിന് അനിവാര്യമാണെങ്കിലും അത് ഉറപ്പാക്കാൻ ബാധ്യസ്ഥമായ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനിലവാരം പ്രസ്തുത ലക്ഷ്യത്തിലേക്ക് ഉയരുന്നില്ലായെന്ന വസ്തുത ഏറെ ഖേദകരമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നിർണായക പങ്കാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർവഹിക്കാനുള്ളത്. എന്നാൽ പ്രസ്തുത ചുമതല അതിന് പൂർണമായി നടപ്പാക്കാൻ കഴിഞ്ഞുവോയെന്നത് സംശയകരമാണ് . ഓഡിറ്റ് വർഷം കമ്മിറ്റി 13യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പദ്ധതിക്ക് അംഗീകാരം നൽകുന്നതിലും ചുരുക്കം ചില പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിലും മാത്രം സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം പരിമിതപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രവും സാമൂഹ്യവുമായ പശ്ചാത്തലങ്ങൾ ഉൾക്കൊണ്ട് അനുയോജ്യമായ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും അതിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും മുന്നിൽനിന്ന് നിരീക്ഷിക്കുകയും ചെയ്യേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി തങ്ങളുടെ ചുമതല യഥാവിധി നിറവേറ്റാത്തത് പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിനെ സാരമായി ബാധിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സേവന മേഖലയിലെ പദ്ധതിപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ഇതുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ശ്രദ്ധയിലെത്തിക്കുകയും ചെയ്യുക, പെൻഷൻ അപേക്ഷകൾ കാലികമായി തീർപ്പാക്കുക, സ്ത്രീകൾ/ശിശുക്കൾ/വൃദ്ധർ/വികലാംഗർ/പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ തുടങ്ങിയവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ആവിഷ്ക്കരിക്കപ്പെട്ട പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. തൻവർഷം 12 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുക എന്ന ഏക അജണ്ട മാത്രമാണ് ഓരോ കമ്മിറ്റിക്കുമുണ്ടായിരുന്നത്. പരിചരണ സേവന പാക്കേജുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. നിക്ഷിപ്തമായ ചുമതലകളുടെ നിർവ്വഹണത്തിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4) ആരോഗ്യം-വിദ്യാഭ്യാസം

ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന ലഭിക്കുന്നതിനാണ്

സർക്കാർ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്ത് പ്രസ്തുത സമിതിക്ക് രൂപം നൽകിയത്. സംസ്ഥാന സർക്കാരിന്റെ ഈ മേഖലയിലെ ബൃഹത് പദ്ധതികളായ " ആർദ്രം", "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം " എന്നിവയിലുൾപ്പെടുത്തി നൂതനമായ പ്രോജക്ടുകൾ ആവിഷ്കരിക്കാൻ പന്ത്രണ്ട്, പതിമൂന്ന് പഞ്ചവത്സര പദ്ധതികളുടെ വികസന പരിപ്രേക്ഷ്യത്തിലൂടെ സർക്കാർ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക, വിട്ടുകിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക, പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക തുടങ്ങി അനന്ത സാധ്യകളുള്ള കർമമേഖലയാണ് പ്രസ്തുത കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ളത്. ഈ മേഖലയുടെ വികസനവും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വളർച്ചയും പരസ്പര പൂരകങ്ങളാണ്. ആ നിലയ്ക്ക് ഏറെ കാര്യങ്ങൾ നിർവഹിക്കുവാനുള്ള പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയിൽനിന്ന് ഉചിതമായ സമീപനം ഉണ്ടായില്ലായെന്ന വസ്തുത ഏറെ ദൗർഭാഗ്യകരമാണ്. എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനം സാർത്ഥകമാക്കുന്നതിനുള്ള ഇടപെടലുകളുണ്ടാകാതിരുന്നത് പ്രോജക്ടിന്റെ നിർവഹണത്തെ സാരമായി ബാധിച്ചു. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവമുള്ള പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവ ക്രമീകരിക്കാനുള്ളതിന്റെ സ്ഥിതിവിവരക്കണക്കുകൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അത് അടിസ്ഥാനമാക്കി പ്രോജക്ട് നിർദ്ദേശങ്ങളൊന്നും കമ്മിറ്റിയിൽ ചർച്ചയ്ക്കെത്തിയില്ലായെന്ന വസ്തുത ഈ അവസരത്തിൽ പ്രത്യേകം കാണേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി തങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യം കാര്യക്ഷമമായി നിർവഹിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | -- | ജനവരി-മാർച്ച് 2018 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടിംഗ് ജനറലിന്റെ ഓഡിറ്റ്. | 24-04-2014 മുതൽ 08-05-2014 വരെ | 2009-10മുതൽ 2014-15 വരെ | 09-07-2014 |

## 1-12 വാർഷിക കണക്കുകണക്കുകളുടെ പരിശോധന

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി- കുടിശിക ഉൾപ്പെടെയുള്ള ഡിമാന്റ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. തൊഴിൽ നികുതി (ജീവനക്കാർ), ഡി& ഒ- തൻ വർഷം പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.
3. തൊഴിൽ നികുതി (സ്ഥാപനം) - ഡിമാന്റിലും കൂടുതൽ കളക്ഷൻ വരികയും ബാലൻസ് ഷീറ്റിൽ പിരിച്ചെടുക്കുവാൻ തുക അവശേഷിക്കുന്നതായും കാണുന്നു.
4. വിവിധ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

5. ആർജ്ജിച്ച ആസ്തികളുടെ വില നിർണ്ണയം നടത്തി ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
6. തൻവർഷമോ മുൻവർഷങ്ങളിലോ ആസ്തിയില്ലാത്ത ഇനങ്ങളായ Sewerage & Drainage, Waterways എന്നിവയ്ക്ക് ഡിപ്രീസിയേഷൻ നല്കിയിരിക്കുന്നു.
7. ഉപോൽബലകമായ രേഖകളുടെയോ ഉചിതമായ നടപടിക്രമങ്ങളുടെയോ പിൻബലമില്ലാതെ വസ്തുനികുതിയിൽ ഗണ്യമായ തുക ₹1585119/- പ്രയർപീരിയഡ് ഇനത്തിൽ ഉൾപ്പെടുത്തി എഴുതിത്തള്ളിയിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പ്രത്യേകലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി സർക്കാരും ഇതര സ്ഥാപനങ്ങളും അനുവദിച്ച തുകകൾ പൂർണമായി വിനിയോഗിക്കാതെ തനതുഫണ്ടിന്റെ ഭാഗമാക്കി ഗ്രാമപഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 2)എസ്.എസ്.എ

കല്ലാർ, ലക്ഷ്മി , കന്നിമല ഗവ.യു.പിസ്കൂളുകൾ. ഇടമലക്കുടി ഗവ.എൽ.പി.സ്കൂൾ എന്നിവക്ക് അഡീഷണൽ ക്ലാസ് മുറികളും ഓഫീസ് മുറികളും നിർമിക്കുന്നതിന് 2010-11 മുതലുള്ള വർഷങ്ങളിൽ ലഭിച്ച തുകകളിൽ 351503/-രൂപ ഇനിയും വിനിയോഗിക്കാൻ ശേഷിക്കുന്നു. പ്രസ്തുത പ്രോജക്ടുകളുടെ ധനവിനിയോഗം നിയന്ത്രിക്കുന്നതിന് എസ്.ബി.ടി മൂന്നാർ ശാഖയിൽ തുറന്നിട്ടുള്ള 67011280920-ാം നമ്പർ അക്കൗണ്ടിലാണ് ടി തുക നിലനിൽക്കുന്നത്. വർഷങ്ങളായി പലിശ വരവു വയ്ക്കുന്നതൊഴികെ യാതൊരു പണമിടപാടും പ്രസ്തുത അക്കൗണ്ടിലൂടെ നടന്നിട്ടില്ല.

സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അടിസ്ഥാനസൗകര്യമൊരുക്കാൻ ലഭിച്ച തുക യഥാസമയം വിനിയോഗിക്കാതെ മൂതനിക്ഷേപമായി സൂക്ഷിക്കുന്ന നടപടി ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. പ്രായോഗികക്ഷമതയുള്ള പ്രോജക്ടുകളിലൂടെ തുക വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം തിരികെയടയ്ക്കുകയോ വേണ്ടതാണ്.

### 3) PYKKA

പഞ്ചായത്ത് യുവ ഖേൽ ക്രീഡ അഭിയാനുവേണ്ടി ലഭിച്ച തുകയിൽ 2,32,939/- രൂപ ചെലവഴിക്കാൻ ശേഷിക്കുകയാണ്. (എസ്.ബി.ടി മൂന്നാർ ശാഖയിലെ അക്കൗണ്ട് നമ്പർ 67093294710-ന്റെ 31.3.2018-ലെ നീക്കിയിരിപ്പ് കണക്കുകൾപ്രകാരം). ടി അക്കൗണ്ടും വർഷങ്ങളായി ഇടപാടുകളില്ലാതെ വർത്തിക്കുന്നു. തുക വിനിയോഗിക്കുവാൻ തൻവർഷമോ മുൻ വർഷങ്ങളിലോ പ്രോജക്ടുകളൊന്നും ആസൂത്രണം ചെയ്തിരുന്നില്ല. ഭാവിയിലും ടി തുകയ്ക്ക് വിനിയോഗസാധ്യതയില്ലായെന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്. ആകയാൽ തുക അടിയന്തിരമായി തിരികെയടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രത്യേക ആവശ്യങ്ങൾ മുൻനിർത്തി സർക്കാർ ഉപരി തലത്തിലുള്ള പഞ്ചായത്തുകൾ മുഖേനയും ഇതര ഏജൻസികൾ വഴിയും ലഭ്യമാക്കുന്ന ഫണ്ടുകൾ സ്വീകരിച്ച ശേഷം യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന നടപടി പദ്ധതി നടത്തിപ്പിലെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷങ്ങളിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തത് ഗുരുതര വീഴ്ചയാണ്. അനുവദിക്കപ്പെട്ട തുകകൾ താമസംവിനാ ക്രമീകരിക്കുന്നതിനായി വിഷയത്തിലേക്ക് ഭരണസമിതി, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ലോഡ്ജിംഗ് ഹൗസ് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഡി ആന്റ് ഒ രജിസ്റ്റർ പരിശോധിച്ചപ്പോൾ, പഞ്ചായത്തിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ലോഡ്ജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി. 1955-ലെ തിരുവിതാംകൂർ കൊച്ചി പൊതുജനാരോഗ്യ നിയമത്തിലെ വകുപ്പ് 108-ൽ, ലോഡ്ജിംഗ് ഹൗസുകളുടെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ എഴുതി പരിപാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നിശ്ചിത നിരക്കിൽ വാടക ഈടാക്കിയില്ല-

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 22 നമ്പർ കടമുറിയുടെ 2016-17-ലെ മാസവാടക ₹2808/-ആയിരുന്നു. നിയമപ്രകാരമുള്ള കരാർ ചമച്ചാണ് പ്രസ്തുത കടമുറി വാടകയ്ക്ക് നൽകിയത് ഓരോ വർഷവും വാടകയിൽ കുറഞ്ഞത് 5% വാർഷിക വർദ്ധനവ് വരുത്തണമെന്ന വ്യവസ്ഥ പ്രകാരം 2017-18 വർഷം ആയത് ₹2948/- എന്ന നിരക്കിൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ വാടകരജിസ്റ്റർ പരിശോധിച്ചപ്പോൾ ₹2150/- എന്ന നിരക്കിൽ വാടക ഈടാക്കിയിരിക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വാടക | 35376 (2948x12) | 25800 (2150x12) | 9576 |
| ജി.എസ്.ടി(18%) | 6368 | 4644 | 1724 |
| പിഴ പലിശ(ജൂലൈ, 2018 വരെ) | 7665 | | 7665 |
| ആകെ | 49409 | 30444 | 18965 |

ഓഡിറ്റിൽ കണ്ടെത്തിയ വിവരം ഓഡിറ്റ് എൻക്വയറി 10 മുഖാന്തിരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചെങ്കിലും മറുപടി ലഭിച്ചില്ല. 1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരം നഷ്ടമായി മാറിയ പ്രസ്തുത തുക, സർചാർജ് ചെയ്യാവുന്നതായതിനാൽ വാടകക്കാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്ന് ആയത് ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം ചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 2-4 വരവിനങ്ങളിൽ ഗണ്യമായ തുക കുടിശ്ശികയായി തുടരുന്നു.

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നീ ഇനങ്ങളിൽ ഗണ്യമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നികുതി ഇനം | തൻ വർഷം | കുടിശിക | ആകെ |
|---|---|---|---|
| വസ്തു നികുതി | 1376652 | 2154868 | 3531520 |
| സ്ഥാപന തൊഴിൽ നികുതി | - | 41530 | 41530 |
| വാടക | 169110 | 19174 | 188284 |
| ആകെ | | | 3761334 |

തൻവർഷം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ വരവുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. കുടിശ്ശികയുടെ വിശദാംശങ്ങളും ലഭ്യമല്ല. ഡി & ഒ ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി എന്നീയിനത്തിൽ വരവുണ്ടെങ്കിലും വാർഡ് തിരിച്ചുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തൻവർഷത്തെയും മുൻവർഷങ്ങളിലെയും, വാടകയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ /ഇടങ്ങളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മൂലേക്കടയിൽ പാൽ സൊസൈറ്റിയ്ക്ക് വാടകയ്ക്ക് കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെയോ വാടകയുടെയോ വിവരങ്ങൾ വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് വാടക ഈടാക്കിയിരുന്നോയെന്ന് പരിശോധിക്കാൻ സാധിച്ചില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 243 പ്രകാരം, കുടിശ്ശികയായ നികുതി തുകകൾ കാലഹരണപ്പെട്ട് പോകാതെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 പാൽ സൊസൈറ്റിയ്ക്ക് കെട്ടിടം വാടകയ്ക്ക് നല്കൽ - നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ മൂന്നാർ മൂലക്കട ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാർക്കിംഗ് ഗ്രൗണ്ടിൽ ലക്ഷ്മി മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിന് വേണ്ടി 2013-ൽ മൂന്ന് മുറികളുള്ള കെട്ടിടം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച് നല്കിയിട്ടുണ്ട്. കരാർ പ്രകാരം പലിശ നൽകേണ്ടാത്ത സെക്യൂരിറ്റി സംഖ്യയായി ₹1000000/- ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പിന്നീട് 2016-ൽ നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് വലത് വശത്ത് രണ്ട് സെന്റ് സ്ഥലത്ത് സ്വന്തം ചെലവിൽ കെട്ടിടം പണിത് 15 വർഷക്കാലം ഉപയോഗിക്കുന്നതിന് കരാർ പ്രകാരം വിട്ടുനല്കിയിരുന്നു. കരാർ പ്രകാരം അഞ്ച് ലക്ഷം രൂപ സെക്യൂരിറ്റി തുക അടവാക്കി സൊസൈറ്റി അവിടെ കെട്ടിടം പണിത് ഉപയോഗിച്ചുപോരുന്നു. കെട്ടിടത്തിന്റെ വാടക സംബന്ധിച്ചും നിയമപരമായ വ്യവസ്ഥകൾ സംബന്ധിച്ചും ഇരു കക്ഷികളും തമ്മിൽ പ്രത്യേക കരാർ ചമച്ചിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.

1) കരാറുകൾ ചമച്ചിരിക്കുന്നത് ദീർഘ കാലത്തേയ്ക്കാണെങ്കിലും ആയത് നിയമപ്രകാരം രജിസ്റ്റർ ചെയ്ത് ആധികാരികമാക്കിയിട്ടില്ല. മുൻ റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു നടപടിയും ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായില്ല. അടിയന്തിരമായി കരാറുകൾ രജിസ്റ്റർ ചെയ്ത് സൂക്ഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) വാടകയിൽ, കുറഞ്ഞത് അഞ്ച് ശതമാനം വാർഷിക വർദ്ധനവ് ഉണ്ടായിരിക്കണം എന്ന വ്യവസ്ഥ നിലനിലനിൽക്കുമ്പോൾ അഞ്ച് വർഷം കൂടുമ്പോൾ 10% വർദ്ധനവ് എന്ന വ്യവസ്ഥ തികച്ചും ക്രമവിരുദ്ധമാണ്. കുറഞ്ഞത് അഞ്ച് ശതമാനം നിരക്കിൽ വാർഷിക വർദ്ധനവ് വരുന്ന രീതിയിൽ വാടക പുന:നിർണയിക്കേണ്ടതാണ്.

3) പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം നിർണയിക്കുന്ന വാടക രണ്ടാം കക്ഷി പ്രതിമാസം അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥ നിലനിൽക്കെ ഒരു ഭാഗത്തിന് ₹5000/- നിരക്കിൽ ആകെ വാടക ₹10000/- എന്ന് നിശ്ചയിച്ചത് ക്രമവിരുദ്ധമാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തെക്കൊണ്ട് വാടക പുന:നിർണയിച്ച് ഈടാക്കേണ്ടതാണ്. പുതുതായി പണി പൂർത്തിയായ മുകൾ നിലയിലെ മുറികളുടെയും വാടക നിർണയിച്ച് ഈടാക്കേണ്ടതാണ്.

4) കാലാവധി പൂർത്തിയാകുമ്പോൾ ഗ്രാമ പഞ്ചായത്ത് പാൽ സൊസൈറ്റിയ്ക്ക് തിരികെ നൽകേണ്ട ₹1500000/-

കണക്കുകളിൽ ബാദ്ധ്യതയായി കാണിച്ചിട്ടില്ല.

സൂചിത അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 അടിസ്ഥാന സൗകര്യങ്ങളുടെ കുറവും യഥാർത്ഥ അളവും അവഗണിച്ച് ഒക്യൂപൻസി നല്കി

ശ്രീ. റ്റി.കെ. കൊച്ചുമുഹമ്മദിന്റെ ഉടമസ്ഥതയിൽ ഭൂനിരപ്പിന് മുകളിൽ അഞ്ച്(G+4) നിലകളുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 12.12.2014-ലെ 23/2014-15 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നല്കിയിരുന്നു. പ്രസ്തുത പെർമിറ്റ് 06.12.2017-ൽ പുതുക്കി നല്കിയിരുന്നു(ഫയൽ നം.A2-4813/17).

പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും മേൽ സൂചിത പെർമിറ്റിന്റെ പകർപ്പും മറ്റ് അനുബന്ധ രേഖകളും സഹിതം ഒക്യുപൻസിയ്ക്ക് അപേക്ഷിച്ചപ്പോൾ എൽ. എസ്. ജി.ഡി. ഓവർസീയർ നല്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ച് നമ്പറുകൾ അനുവദിച്ച്(13/422) 2018 ജൂണിൽ ഒക്യുപൻസി നല്കിയിരിക്കുന്നതായി ഫയലിൽ കാണുന്നു.

ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് സന്ദർശിച്ചപ്പോൾ, കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അളവുകളിലും ഉപയോഗക്രമത്തിലും വ്യത്യാസമുള്ളതായും അവശ്യം ലഭ്യമാക്കേണ്ട അനുബന്ധ സൗകര്യങ്ങളിൽ കുറവുള്ളതായും നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു.

പ്ലാൻ പ്രകാരം ഇലക്ട്രിക്കൽ റൂം, എയർ കണ്ടീഷനിംഗ് പ്ലാന്റ് എന്നിവ നാലാം നില(4th Floor)യിൽ സ്ഥിതി ചെയ്യുന്നു. ഇവയുടെ അളവുകൾ F.A.R ഏരിയായിൽ നിന്ന് ഒഴിവാക്കണം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്ലാനിൽ അവയുടെ അളവുകൾ ഒഴിവാക്കിയിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ അപ്രകാരമുള്ള സംവിധാനങ്ങൾ അവിടെയില്ലെന്നും അതിഥികൾക്ക് താമസിക്കുന്നതിനുള്ള മുറികളാണുള്ളതെന്നും കണ്ടു. തൊട്ട് താഴത്തെ നിലയിലുള്ള മുറികളുടെ അതേ അളവുകളാണ് ഈ മുറികൾക്കുമുള്ളത്. നാലാം നിലയിലെ വലിയ മുറിയിൽ രണ്ട്, ബാക്കിയുള്ള 30 മുറികളിൽ ഒന്ന് എന്ന രീതിയിൽ 2 m2 അളവുള്ള മട്ടുപ്പാവ്(Balcony) എല്ലാ മുറികളിലുമുണ്ട്. മട്ടുപ്പാവുകളുടെ ആകെ വിസ്തീർണ്ണം 64m2ആണ്. പ്രസുത അളവിന്റെ 50%-മായ 32m2 ആകെ തറവിസ്തീർണത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. [(2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 8c(ii)]. അപ്രകാരം ചെയ്തിട്ടില്ല. സാങ്കേതിക ശുപാർശ നല്കുന്ന വേളയിൽ പ്രസ്തുത അപാകത ഓവർസീയർ ചൂണ്ടിക്കാട്ടി യഥാർത്ഥത്തിലുള്ള അളവുകളാണ് നല്കേണ്ടിയിരുന്നത്. ഓവർസീയർ ഒക്യൂപൻസിയ്ക്ക് ശുപാർശ നല്കിയ 18.06.2018-നും ഓഡിറ്റിന്റെ ഭൗതീക പരിശോധന നടന്ന 07.07. 2018-നും ഇടയിലുള്ള കാലഘട്ടത്തിൽ പ്രസ്തുത വ്യതിയാനങ്ങൾ/കുറവുകൾ ഉണ്ടായെന്ന് കരുതാനാവില്ല. തെറ്റായ പ്ലാൻ അംഗീകരിച്ച് അനുമതി നല്കുകവഴി ഉടമസ്ഥനുമായി ചേർന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഇല്ലാതാക്കുകയാണ് ഓവർസീയർ ചെയ്തത്. ഇത് ഓവർസീയറുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്.

നിർമ്മാണം പൂർത്തിയായി നികുതി നിർണയത്തിന് വേണ്ടി ലഭിക്കുന്ന എല്ലാ അപേക്ഷകളും അസി.

എഞ്ചിനീയർക്ക് കൈമാറി സാങ്കേതിക ഉപദേശം സ്വീകരിച്ചതിന് ശേഷം മാത്രമേ ഒക്യുപൻസി നല്കാവൂ എന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.06.2013-ലെ 32131/ആർ.എ.1/2012/തസ്വഭവ. നമ്പർ സർക്കുലറിലെ നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലിച്ചെങ്കിലും ഭൗതിക പരിശോധന നടത്താതെ കെട്ടിടത്തിന് നമ്പരിട്ട് ഒക്യുപൻസി നല്കിയത് ആദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

അനധികൃത നിർമ്മാണങ്ങളും ജോലികളും കണ്ടുപിടിക്കുകയും തടയുകയും ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കുണ്ടെന്ന് ചട്ടം 134-ൽ വ്യക്തമാക്കുന്നുണ്ട്. അനധികൃതമാകുന്ന സംഗതിയിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20-ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 134 മുതൽ 138 വരെയുള്ള ചട്ടങ്ങൾ പ്രകാരം നിർമ്മാണം ക്രമവത്കരിക്കുന്നതിനോ/പൊളിച്ചുകളയുവാനോ വേണ്ട നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതായിരുന്നു. അപ്രകാരം യാതൊരു നടപടിയും സ്വീകരിക്കാതെ കെട്ടിട ഉടമകൾക്ക് അനുകൂലമായി പ്രവർത്തിക്കുകയാണ് അക്കാലത്തെ സെക്രട്ടറി ചെയ്തത്. കൃത്യനിർവ്വഹണത്തിലെ ഈ ഗുരുതര വീഴ്ച വഴി, കെട്ടിട നിർമ്മാണ പെർമിറ്റ് ഇനത്തിലും വസ്തു നികുതി ഇനത്തിലുള്ള വരുമാന നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്. അഞ്ച് നിലകളുള്ള(G+4) കെട്ടിടത്തിന്റെ നിലവിലുള്ള ആകെ പ്ലിന്ത് ഏരിയാ, പ്ലാൻ പ്രകാരം, 1782.08m2 മാത്രമാണ്. എന്നാൽ,മട്ടുപ്പാവുകളുടെ പരിഗണിക്കാവുന്ന വിസ്തീർണ്ണവും കൂടി പരിഗണിച്ചാൽ ഇത് 32m2 കൂടി വർദ്ധിച്ച് ആകെ 1814.08m2 ആകുമെന്ന് പ്ലാനിൽ നിന്ന് തന്നെ വ്യക്തമാണ്. ഈ അധിക നിർമ്മാണത്തിന്റെ പെർമിറ്റ് ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ലെന്ന് മാത്രമല്ല വസ്തുനികുതി കൃത്യമായി നിർണയിച്ചെങ്കിൽ ലഭിക്കുമായിരുന്ന വരുമാനത്തിലുള്ള നഷ്ടം(32x80=2560) എന്നേയ്ക്കും തുടരുകയും ചെയ്യുന്നു. നിലവിൽ ഒക്യുപൻസി നൽകിയിരിക്കുന്ന കെട്ടിട ഭാഗങ്ങൾ പൂർണ്ണമായി അളന്ന് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്ലാൻ പ്രകാരമുള്ള തറവിസ്തീർണം | 1782.08m2 | |
| ഭൗതീക പരിശോധനയിൽ കണ്ട യഥാർത്ഥ വിസ്തീർണം<br>(1782.08+32) | 1814.08m2 | |
| പ്ലാൻ പ്രകാരമുള്ള FAR വിസ്തീർണം | 1242.28m2 | |
| യഥാർത്ഥ FAR വിസ്തീർണം(പ്ലാൻ പ്രകാരമുള്ളത്+ 4th ഫ്ലോറിലെ വ്യത്യാസം +മട്ടുപ്പാവിന്റെ അളവ്) =1242.28+68.33+32 =1342.61 | 1342.61m2 | 4th ഫ്ലോറിന്റെ യഥാർത്ഥ FAR വിസ്തീർണം =-275.82m2<br>പ്ലാൻ പ്രകാരം = 207.49m2<br>വ്യത്യാസം =68.33 |

| | | |
|---|---|---|
| | | മട്ടുപ്പാവിന്റെ വിസ്തീർണത്തിന്റെ 50% =32 |
| സ്ഥലവിസ്തീർണം | 505.875m2 | |
| അധിക ഫീസില്ലാതെ പരാമാവധി അനുവദനീയമായ FAR(ലോഡ്ജിംഗ് ഹൗസുകൾ-A2)(കാറ്റഗറി -1 ഗ്രാമ പഞ്ചായത്തുകൾ) | 2.5 | |
| നിലവിലെ FAR (1342.61/505.875) | 2.654 | |
| അധിക ഫീസില്ലാതെ പരാമാവധി അനുവദനീയമായ FAR ഏരിയാ(505.875x2.5) | 1264.69 | |
| അധിക ഫീസ് ഈടാക്കേണ്ട തറ വിസ്തീർണം(342.61- 1264.69) | 77.92 | |
| ഈടാക്കേണ്ട അധിക ഫീസ് (77.92x5000) | 389600 | 31.10.2017-ലെ G.O.(P) 81/17/LSGD പ്രകാരം KPBR ചട്ടത്തിലെ പട്ടിക 2 ഭേദഗതി ചെയ്തു. ആയതുപ്രകാരം ഈടാക്കേണ്ട അധിക ഫീസ് ഒരു ചതുരശ്ര മീറ്ററിന് - ₹5000/- |

1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരം നഷ്ടമായി മാറിയ പ്രസ്തുത തുക, സർചാർജ് ചെയ്യാവുന്നതായതിനാൽ ഉടമസ്ഥനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവരിൽ നിന്ന് ആയത് ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം ചാർജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

<u>ചട്ടം 38 (പാർക്കിംഗ്)</u>

ചട്ടപ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടി വ്യവസ്ഥ

ചെയ്തിട്ടുള്ള തെരുവ് വിട്ടുള്ള മതിയായ പാർക്കിംഗ് സ്ഥലം ഒരുക്കിയിട്ടില്ല. കാർ പാർക്കിംഗ് സൗകര്യത്തിലുള്ള ഗണ്യമായ ഈ കുറവ് പരിഹരിച്ചതിന് ശേഷം മാത്രം പെർമിറ്റ് അനുവദിക്കുന്നതിന് സാങ്കേതിക ശുപാർശ നല്കേണ്ടിയിരുന്ന അസി. എഞ്ചിനീയർ/ഓവർസീയർ അപ്രകാരം ചെയ്യാതിരുന്നത് ചട്ടലംഘനമാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുണ്ടെന്നും സാങ്കേതികത്വങ്ങൾ സംബന്ധിച്ചുള്ള ചില ഇളവുകൾ അനുവദിക്കാമെങ്കിലും പാർക്കിംഗ്, അഗ്നിസുരക്ഷ തുടങ്ങിയ നിർബന്ധ വ്യവസ്ഥകളിൽ വരുത്താനുദ്ദേശിച്ചുള്ളതല്ല ഈ ഇളവുകൾ എന്നും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് (John V. State of Kerala-2004) നിലനിൽക്കുമ്പോഴാണ് ഈ ചട്ടലംഘനങ്ങൾ നടക്കുന്നത് .

11 കാർ പാർക്കിംഗാണ് നിലവിൽ സ്ഥത്തുള്ളത്. ആയത് കാറ്റഗറി 1 ഗ്രാമപഞ്ചായത്തിന്റെ സംഗതിയിൽ, അപര്യാപ്തമാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സ്ഥലത്ത് ഒരുക്കേണ്ട കാർ പാർക്കിംഗ് (ഗണം 2 ലോഡ്ജിംഗ് ഹൗസ്) | 26 | 20 ചതുരശ്ര മീറ്ററിനു മുകളിൽ കാർപ്പറ്റ് വിസ്തീർണമുള്ള മുറികളുടെ സംഗതിയിൽ 1.5 മുറികൾക്ക് ഒരു കാർ പാർക്കിംഗ് എന്ന തോതിൽ 31 മുറികൾക്ക് ആവശ്യമായത് =31/1.5 =20.6=21<br>(ചട്ടം 38 കുറിപ്പിൽ അനുശാസിക്കും പ്രകാരം ഭിന്നസംഖ്യ തൊട്ടടുത്ത പൂർണസംഖ്യയിലേയ്ക്ക് മാറ്റി)<br>ഡൈനിംഗ് അക്കോമഡേഷന്റെ ഓരോ പത്തു സീറ്റുകൾക്കും ഒന്ന് എന്ന തോതിൽ 46 സീറ്റുകൾക്ക് ആവശ്യമായ കാർ പാർക്കിംഗ് =5<br>ആകെ ആവശ്യമായ കാർ പാർക്കിംഗ് =26 |
| ഭൗതീക പരിശോധന പ്രകാരം നിലവിലുള്ള പാർക്കിംഗ് | 11 | |
| കുറവ് | 15 | |
| കുറവ് പാർക്കിംഗിന് ഈടാക്കേണ്ട ഫീസ് | 4500000/- | 2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങളിലെ അനുബന്ധം I-ലെ 3 b (ii) പ്രകാരം, |

| | | |
|---|---|---|
| | | ബന്ധപ്പെട്ട ചട്ടത്തിൽ ആവശ്യപ്പെട്ട കാർ പാർക്കിംഗിന്റെ 25% സ്ഥലത്ത് ഒരുക്കിയിരിക്കുന്ന സംഗതിയിൽ ഈടാക്കേണ്ട ഫീസ് ഒരു കുറവ് പാർക്കിംഗിന് ₹300000/- എന്ന നിരക്കിലാണ്. |

ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ പഞ്ചായത്ത് അധികൃതരെ അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി-14) മറുപടി ലഭിച്ചില്ല. 2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങളിലെ ചട്ടം 6-ലെ നടപടിക്രമങ്ങൾ പാലിച്ച്, അനുബന്ധം II-ൽ പരാമർശിക്കുന്ന സുരക്ഷാ വ്യവസ്ഥകൾക്ക് വിധേയമായി മേൽസൂചിത കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ചട്ടം 38(4)-ൽ ഇരുചക്രവാഹന പാർക്കിംഗിന് 25% (ഇവിടുത്തെ സംഗതിയിൽ 7 കാർ പാർക്കിംഗ്) അധിക സ്ഥലം ഒരുക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും ഇവിടെ അത് ലഭ്യമാക്കിയിട്ടില്ല. പ്രതികൂല കാലാവസ്ഥയും അളവ് സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണത്താൽ കവറേജിന്റേതടക്കം മറ്റ് ചട്ടലംഘനങ്ങളുണ്ടോയെന്ന് ഉറപ്പാക്കാനായില്ല. ആയതിനാൽ ചട്ടലംഘനങ്ങളില്ലാതെയാണ് ഒക്യുപൻസി നല്കിയിരിക്കുന്നതെന്ന് ഭൗതീക പരിശോധന നടത്തി സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വികസന ഫണ്ട് അലോട്ട്മെന്റിലെ അപാകം മൂലം വികസനപ്രവർത്തനങ്ങൾക്ക് ഫണ്ട് തികയുന്നില്ല

കുറിഞ്ഞി ഉദ്യാനം എന്ന നിലയിൽ ലോക വിനോദസഞ്ചാര ഭൂപടത്തിൽ തനതായ സ്ഥാനം എഴുതിച്ചേർത്ത പ്രദേശമാണ് മൂന്നാർ. 187 കിലോമീറ്റർ വിസ്തീർണത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ ഭൂപ്രദേശം വൻകിട തോട്ടം മേഖലയാണ്. ടാറ്റയുടെ ഉടമസ്ഥതയിലുള്ള കണ്ണൻദേവൻ ഹിൽ പ്ലാന്റേഷൻ കമ്പനി വക തെയില എസ്റ്റേറ്റിലെ തൊഴിലാളികളാണ് ജനസംഖ്യയിലെ ഭൂരിപക്ഷവും തമിഴ് നാട്ടിൽ നിന്ന് തൊഴിലിനായി എത്തിയവരും അവരുടെ പിൻ തലമുറയിൽപെട്ടവരുമായ ഇവരിലേറെയും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(2011-ലെ സെൻസസ് പ്രകാരമുള്ളത്)

| ഇനം | ജനസംഖ്യ |
|---|---|
| ആകെ ജനസംഖ്യ | 32029 |
| പുരുഷൻമാർ | 16061 |
| സ്ത്രീകൾ | 15968 |
| പൊതുവിഭാഗം | 12196 (38%) |
| പട്ടിക ജാതി | 17657 (55%) |
| പട്ടിക വർഗം | 2176 (6.7%) |

ജനസംഖ്യാനുപാതികമായാണ് സർക്കാർ വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. ജനസംഖയിലെ ഭൂരിപക്ഷവും പട്ടികജാതിവിഭാഗക്കാരായതിനാൽ വികസനഫണ്ട് അലോട്ട്മെന്റിലെ സിംഹഭാഗവും എസ്.സി.പി ഇനത്തിലാണ് അനുവദിക്കപ്പെടുന്നത്. പട്ടികജാതി വിഭാഗത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ഫണ്ട് സർക്കാർ ലഭ്യമാക്കുന്നുവെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കാവുന്ന ഭൗതിക സാഹചര്യങ്ങളിലല്ല ഗുണഭോക്താക്കളുടെ ജീവിതം. തോട്ടം തൊഴിലാളികളായതിനാൽ അവർ കമ്പനി വക ലയങ്ങളിലാണ് വസിക്കുന്നത്. ഒറ്റ മുറിയും അടുക്കളയും മാത്രമുള്ള ലയങ്ങളിൽ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നു. വൃത്തിയും വെടിപ്പുമുള്ള വാസഗൃഹം, കുടിവെള്ളം, ശൂചിമുറി, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾക്ക് എന്തുകൊണ്ടും പ്രസ്തുത വ്യക്തികൾ അർഹരാണെങ്കിലും ലയങ്ങളുടെ ഉടമസ്ഥാവകാശം ടാറ്റാ കമ്പനിയ്ക്കായതിനാൽ ആസ്തി സൃഷ്ടിക്കുന്നതിന് യാതൊരു വിധ ധനസഹായവും അനുവദിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല. അംഗൻവാടി പോഷകാഹാര പദ്ധതി, വിവാഹധനസഹായം സ്കോളർഷിപ്പ്, ലാപ് ടോപ്പ്, ഫർണിച്ചർ തുടങ്ങിയ ഇനങ്ങൾക്കും ഏതാനും ചില റോഡു നിർമാണ പ്രവൃത്തികൾക്കും മാത്രമാണ് തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞത്. 31.49ലക്ഷം രൂപ ചെലവു വന്ന വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്ന പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞതുമൂലമാണ് ഭേദപ്പെട്ട ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞത്. പ്രസ്തുത പ്രോജക്ട് പോലും നിലവിലെ പദ്ധതി നിർവഹണ വ്യവസ്ഥകൾ ലംഘിച്ചാണ് നടപ്പാക്കിയതെന്ന വസ്തുതയും ശ്രദ്ധിക്കേണ്ടതാണ്. വിനിയോഗക്ഷമതയില്ലാതെ ഫണ്ടുകൾ ലഭിക്കുന്നത് ക്രമവിരുദ്ധ നടപടികൾക്കും പാഴ്ച്ചെലവുകൾക്കും ഹേതുവാകുന്നതിന്റെ ഉത്തമമായ ഉദാഹരണമാണ് പ്രസ്തുത പ്രോജക്ടിന്റെ നിർവഹണം. ഏതു വിധേനയും ചെലവു പരിധി കൈവരിക്കുക മാത്രം ലക്ഷ്യമിട്ടുള്ള പദ്ധതി നിർവഹണം ജനകീയാസൂത്രണപദ്ധതിയുടെ ലക്ഷ്യം തമസ്കരിക്കുന്ന നടപടിയാണെന്ന വസ്തുത പറയാതെ വയ്യ.

ഏകദേശം 12 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണ് മൂന്നാർ ടൗണിനുള്ളത്. ഓരോ വർഷവും സ്വദേശികളും വിദേശികളുമായ ലക്ഷക്കണക്കിനു വിനോദസഞ്ചാരികളാണ് മൂന്നാർ സന്ദർശിക്കുന്നത്. സഞ്ചാരികളുടെ കണക്കിൽ വർഷം തോറും വൻ വർദ്ധനവാണ് രേഖപ്പെടുത്തുന്നതെങ്കിലും ( നീലക്കുറിഞ്ഞി പൂക്കുന്ന നടപ്പ് വർഷത്തെ അടുത്ത 3 മാസങ്ങൾക്കുള്ളിൽ 8 ലക്ഷം ആളുകൾ എത്തുമെന്ന പ്രതീക്ഷിക്കുന്നു) അവർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും പരിസ്ഥിതി സൗഹൃദമായി ഈ മേഖല സംരക്ഷിക്കുന്നതിനും ഫണ്ട് കണ്ടെത്താനാവാതെ ഗ്രാമപഞ്ചായത്ത് കുഴങ്ങുകയാണ്. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാണെങ്കിലും ഇവിടെയെത്തുന്ന ബസുകൾക്ക് സ്റ്റാന്റ് , ഇതര വാഹനങ്ങൾക്ക് വിരാമസ്ഥലം, ശുചിത്വ സമുച്ചയം ,നടപ്പാതകൾ, ഗതാഗത സൗകര്യമുള്ള റോഡുകൾ , വഴിവിളക്കുകൾ, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഇപ്പോഴും സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല.

വികസന ഫണ്ടിന്റെ (എസ്.സി.സി.പി വിഭാഗം ) വിനിയോഗത്തിൽ സർക്കാർ കർക്കശമായ വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളതിനാൽ ഈ വിഭാഗത്തിൽനിന്ന് ഒരു രൂപ പോലും മേൽ പ്രസ്താവിച്ച അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കാനാവാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. സേവന മേഖലയിൽ ഇതിനോടകം നടപ്പാക്കിയ വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകളിലൂടെ അവരുടെ മറ്റ് ആവശ്യങ്ങളും ഇതിനോടകം ഏകദേശം പൂർത്തിയായതിനാൽ ഇത്തരത്തിൽ വൻതോതിലുള്ള ഫണ്ട് അലോട്ട്മെന്റിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ സഹായിക്കില്ലായെന്നത് വസ്തുതയാണ്. ഫണ്ട് വിനിയോഗ സാധ്യത പരിമിതമാകയാൽ പ്രായോഗിക ക്ഷമതയില്ലാത്തതും ഫലപ്രാപ്തി ഉറപ്പാക്കാനാവാത്തതുമായ പ്രോജക്ടുകൾ വഴി ചെലവുശതമാനക്കണക്ക് ഉയർത്തി കാട്ടുന്ന പ്രവണത വികലമായ പദ്ധതി ആസൂത്രണത്തിലേക്കാണ് പഞ്ചായത്ത് എത്തിപ്പെടുന്നത്. എസ്.സി.സി.പി വിഭാഗത്തിൽ അനുവദിക്കുന്ന തുക സ്ഥിരസംഖ്യയാക്കുകയും വർഷംതോറും ആനുപാതികമായി വരുത്തുന്ന വർദ്ധനവ് പൊതുവിഭാഗത്തിലേക്ക് മാറ്റി അനുവദിക്കുന്നപക്ഷം അത് പഞ്ചായത്തിന്റെ ഒട്ടാകെയുള്ള വികസനത്തിന് അത് മുതൽക്കൂട്ടാകും. നിലവിൽ പൊതു വിഭാഗത്തിന്റെ ഇരട്ടിയിലധികമാണ് പട്ടികജാതി ഘടകപദ്ധതിക്കായി സർക്കാർ അലോട്ട് ചെയ്യുന്നത്. തോട്ടം മേഖലയായതിനാൽ കൃഷിക്ക് സാധ്യത വളരെ പരിമിതമാണ്. മാർഗരേഖയിൽ പ്രതിപാദിക്കുന്ന ഉത്പാദനമേഖലാപ്രോജക്ടുകളിൽ ഭൂരിഭാഗത്തിനും ഈ പഞ്ചായത്തിൽ പ്രായോഗികതയില്ലാത്തതിനാൽ മേഖലാ വിഭജനപരിധിയിൽ ഇളവ് നൽകേണ്ടതും അനിവാര്യമാണ്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലും 2017-18,18-19 വർഷങ്ങളിലും വികസനഫണ്ടിനത്തിൽ ലഭിച്ചതും വിനിയോഗിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വികസന ഫണ്ട് (ജനറൽ) | | | വികസന ഫണ്ട് (എസ്.സി.സി.പി ) | | |
|---|---|---|---|---|---|---|
| | അലോക്കേഷൻ | ചെലവ് | ശതമാനം | അലോക്കേഷൻ | ചെലവ് | ശതമാനം |
| 2012-13 | 2909037 | 1932231 | 66 | 41918516 | 29604310 | 71 |
| 2013-14 | 16879394 | 10120620 | 60 | 67985203 | 58039883 | 85 |

| | | | | | | |
|---|---|---|---|---|---|---|
| 2014-15 | 19305774 | 16053159 | 83 | 46384320 | 38089395 | 82 |
| 2015-16 | 15761476 | 14060887 | 86 | 44733295 | 38393101 | 86 |
| 2016-17 | 21330785 | 18561831 | 94 | 42276949 | 29591994 | 73 |
| 2017-18 | 26555960 | 15402570 | 58 | 51266296 | 27237835 | 53 |
| 2018-19 | 28128000 | തുക വിനിയോഗം ആരംഭിച്ചിട്ടില്ല | | 44936000 | തുക വിനിയോഗം ആരംഭിച്ചിട്ടില്ല | |

മേൽ പരാമർശിച്ച വസ്തുതകൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്തി വികസന ഫണ്ട് അലോട്ട്മെന്റ് അനുപാതത്തിൽ അനുയോജ്യമായ മാറ്റം വരുത്താനും മേഖലാ വിഭജനപരിധിയിൽ ഇളവു ലഭിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതി/വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 ഖരമാലിന്യ നിർമ്മാർജ്ജനം-സർക്കാർ ഉത്തരവ് ലംഘിക്കുന്നു-നിർമ്മാർജ്ജനം ഫലപ്രദമല്ല.

| | | | |
|---|---|---|---|
| പദ്ധതി നം | 7/2017-18 | | |
| പദ്ധതി | മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് | | |
| പദ്ധതി വകയിരുത്തൽ | ഇനം | വിഹിതം ₹ | ചെലവ് ₹ |
| | പൊതു വിഭാഗം | 4586900 | 4585150 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1350000 | 1350000 |
| | തനത് ഫണ്ട് | 2063100 | 2063100 |
| | ബ്ലോക്ക് പഞ്ചായത്ത് | 2000000 | 0 |
| | ആകെ | 10000000 | 7998250 |

2016-17 സാമ്പത്തിക വർഷം മുതൽ ഖരമാലിന്യ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്ത് നേരിട്ടാണ് നടത്തുന്നത്. പ്രതിദിനം 70 തൊഴിലാളികളാണ് മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. പഞ്ചായത്ത് വാഹനം കൂടാതെ മറ്റ് വാഹനങ്ങളും വാടകയ്ക്ക് എടുത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ജീവനക്കാർക്കായി ഏകദേശം പ്രതിമാസം ₹7,26,500/- ഉം വാഹന വാടകയായി ലോറിക്ക് ₹53,900/- ഉം ട്രാക്ടറിന് ₹63,900/-ഉം ചെലവഴിക്കുന്നു. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ പരാമർശിക്കുന്നു.

<u>I- സർക്കാർ ഉത്തരവ് അവഗണിക്കുന്നു</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15 ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.07.2017 ലെ സ.ഉ. (സാധാ)2511/2017 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരം ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

മൂന്നാർ ടൗണിലെ എല്ലാ റിസോർട്ടുകൾ, ഹോട്ടലുകൾ മറ്റ് ഭക്ഷ്യ വിതരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജൈവമാലിന്യങ്ങൾ, തൊഴിലാളികൾ ശേഖരിക്കുകയും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്കെടുക്കുന്നതുമായ വാഹനങ്ങളിൽ കല്ലാറിലുള്ള ഡമ്പിങ് യാർഡിൽ കൊണ്ടുപോയി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ ഡമ്പിങ് യാർഡ് കണ്ണൻ ദേവൻ-റ്റാറ്റാ റ്റീ കമ്പനിയുടെ എസ്റ്റേറ്റിന് ഉള്ളിലായാണ് സ്ഥിതി ചെയ്യുന്നത്. റ്റാറ്റാ റ്റീ കമ്പനിയുടെ എസ്റ്റേറ്റ് വ്യാപിച്ച് കിടക്കുന്ന സമീപ പഞ്ചായത്തുകളിലെ ജൈവമാലിന്യവും ഇവിടെ കൊണ്ട് വന്ന് തള്ളുന്നതായി കാണുന്നു.

<u>II- നടത്തിപ്പിലെ അപാകതകൾ</u>

1. താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമല്ല.

2. ഈ പ്രവൃത്തിക്കാവശ്യമായ മനുഷ്യവിഭവശേഷി കണക്കാക്കി ജോലി വിഭജനം നിർവ്വചിക്കുന്നതിനുള്ള പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

3. മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിക്കാതെ ഡമ്പിങ് യാഡിൽ നിക്ഷേപിക്കുക വഴി ഇവ കുമിഞ്ഞു കൂടി സമീപത്തുള്ള അരുവി മലിനപ്പെടുന്നതായും തന്മൂലം പരിസ്ഥിതിക്ക് നാശം സംഭവിക്കുന്ന സാഹചര്യം നിലവിലുള്ളതായും കാണുന്നു. പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യവും നിലവിലുണ്ട്.

4.ജീവനക്കാരുടെ വേതനം പണമായാണ് വിതരണം ചെയ്യുന്നത്.

5.പഞ്ചായത്തിൽ നിലവിലുള്ള ഫുൾ ടൈം സ്വീപ്പർമാരെ ഉപയോഗപ്പെടുത്താതെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും താല്ക്കാലിക ജീവനക്കാർ മുഖേനയാണ് നിർവഹിച്ചിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ മുതൽ എക്സ് വരെ വകുപ്പുകൾ, 2016- ലെ കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായ രീതിയിൽ നടക്കുന്നതിനുള്ള ഇടപെടൽ കുടിവെള്ളം-ശുചിത്വ വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നില്ല. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സർക്കാരിന്റെ ഉത്തരവുകളും സർക്കുലറുകളും കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളും ആരോഗ്യ-വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്ത് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തി നിർവ്വഹണം ചെയ്യേണ്ടതാണ്.

## 3-3 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ഗ്രാമപഞ്ചായത്തിന് 11 എൽ.പി.സ്കൂളുകളാണ് അധികാരക്കൈമാറ്റം വഴി വിട്ടുകിട്ടിയിട്ടുള്ളത്. പൊതു വിഭാഗത്തിൽപ്പെട്ട 157 പേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 203 പേരും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 04 പേരും ഉൾപ്പടെ ആകെ 364 പഠിതാക്കളാണ് ഈ സ്കൂളുകളിൽ എത്തുന്നത്. അവരിൽ ഭൂരിഭാഗവും തോട്ടം തൊഴിലാളികളുടെ മക്കളാണ്. കുട്ടികളുടെ എണ്ണത്തിലെന്നപോലെ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിലും പ്രസ്തുത സ്കൂളുകളുടെ അവസ്ഥ ഏറെ പരിതാപകരമാണ്. സ്കൂളുകളിൽ ക്രമീകരിച്ചിട്ടുള്ള സൗകര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യങ്ങളുടെ ഇനം | ലഭ്യമായ സ്കൂളുകളുടെ എണ്ണം |
|---|---|
| കളിക്കോപ്പുകൾ | 3 |
| ശിശു സൗഹൃദ ക്ലാസ് മുറികൾ | 2 |
| ശിശു സൗഹൃദ പഠനോപകരണങ്ങൾ | 02 |
| ശിശു സൗഹൃദ ഫർണിച്ചർ | 01 |
| ശിശു സൗഹൃദ ടോയ് ലറ്റുകൾ | 1 |
| ഇന്റർനെറ്റ് കണക്ഷൻ | 06 |

| | |
|---|---|
| ചുറ്റുമതിൽ | 03 |
| കിണർ | 01 |
| കുടിവെള്ളവിതരണ പൈപ്പ് ലൈൻ | 07 |
| ക്ലാസ് മുറികൾ ആവശ്യമായവ | 4 സ്കൂളുകൾ |

മേൽവിവരിച്ച പ്രകാരം അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി സ്കൂളുകൾക്കുണ്ടെങ്കിലും അവ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതി നിർദ്ദേശങ്ങളൊന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വരുന്നില്ല. ഇക്കാര്യങ്ങൾ പ്രസ്തുത സമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും സജീവചർച്ചയ്ക്ക് വിധേയമാക്കേണ്ടതും പരിഹരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനം- അവലോകനം

ടൗൺ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ 21വാർഡുകളിലും വൈദ്യുതിയുടെ വിതരണം കണ്ണൻ ദേവൻ കമ്പനി നേരിട്ട് നടത്തുകയാണ്. തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നതിന് ആറ് ജീവനക്കാരെ ഗ്രാമപഞ്ചായത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് വർഷങ്ങളായി തുടർന്ന് വരുന്നതാണ്. ഇവർക്കായി ശരാശരി പ്രതിമാസം ₹55,000/- വേതനമിനത്തിൽ ചെലവാക്കുന്നുണ്ട്. ഇവരുടെ അറ്റൻഡൻസ് രജിസ്റ്റർ മാത്രമാണ് പരിപാലിച്ച് വരുന്നത്. ജീവനക്കാർ ഏത് ഭാഗത്ത് ജോലിക്ക് പോകുന്നുണ്ടെന്നും എത്രപേർ പോകുന്നുണ്ടെന്നും കാണിക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വിവിധ പദ്ധതികളിലൂടെ വാങ്ങുന്ന സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും ജീവനക്കാർ എടുത്തുകൊണ്ട് പോകുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. കൂടാതെ ഏത് പോസ്റ്റിലാണ് ജീവനക്കാർ അറ്റകുറ്റപണികൾ നടത്തിയത് എന്ന രേഖപ്പെടുത്തലുകൾ ഇല്ല.

പ്രധാന ടൗണിൽ നിന്നും വളരെ വിദൂരമായ എസ്റ്റേറ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥിതി ചെയ്യുന്നത്. തെരുവ് വിളക്കുകൾക്കായി നൂറിലധികം മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഓരോ പോസ്റ്റുകളും തിരിച്ചറിയത്തക്ക രീതിയിലുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പൊതുജനങ്ങളിൽ നിന്നും വൈദ്യുതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈ ജീവനക്കാരുടെ മേൽ കൃത്യമായ സൂപ്പർവൈസിംഗ് നടക്കുന്നില്ല. ഇവരുടെ പ്രവർത്തികളിൻമേൽ സെക്രട്ടറിയുടെയോ ഭരണസമിതിയുടെയോ മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല. തെരുവ് വിളക്കുകളുടെ പരിപാലനം കുറ്റമറ്റ രീതിയിൽ നടക്കുന്നതിനുള്ള ഇടപെടൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നില്ല. ഏറ്റവും ഫലപ്രദവും കാര്യക്ഷമവുമായി തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നതിനെ സംബന്ധിച്ച് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ പ്രതിപാദിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

## 3-5 അസി.എൻജിനിയറുടെ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 149, നടപ്പാക്കിയത് 58

അസി.എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 149 പ്രോജക്റ്റുകൾ ആസൂത്രണം ചെയ്യുകയും അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 35 എണ്ണം സ്പിൽ ഓവർ പ്രോജക്റ്റുകളാണ്. എന്നാൽ 22 തുടർ പ്രോജക്റ്റുകളുൾപ്പടെ കേവലം 58 പ്രോജക്റ്റുകളാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്. തൻവർഷം നടപ്പാക്കാത്ത 91 പ്രോജക്റ്റുകളുണ്ടായിരുന്നുവെങ്കിലും 71 എണ്ണം മാത്രമാണ് 2018-19-ൽ സ്പിൽ ഓവറായി നിലനിർത്തി അംഗീകാരം വാങ്ങിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വയ്ക്കുന്നതുവഴി പ്രോജക്റ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും , സാങ്കേതികവിഭാഗം ജീവനക്കാരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. ഇത്തരത്തിലുള്ള പദ്ധതി നിർവഹണത്തിന്റെ ആത്യന്തികമായ നഷ്ടം പേറേണ്ടി വരുന്നത് പശ്ചാത്തല സൗകര്യത്തിന്റെ അഭാവംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾ തന്നെയാണ്. അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതുമൂലം പ്രോജക്റ്റുകൾ തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് നിസ്തർക്കമാണ്. കൂടാതെ അതാത് വർഷം പ്രോജക്റ്റുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്റ്റുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്കരിക്കപ്പെടുന്ന പ്രോജക്റ്റുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 മൂലക്കട അംഗൻവാടി നവീകരണം-ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകി

ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന മൂലക്കട അംഗൻവാടി നവീകരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയതാണ് പ്രസ്തുത പ്രോജക്റ്റ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 30/2018 |
| അടങ്കൽ തുക | 490000/-രൂപ |
| ഫണ്ടിനം | ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| കൺവീനർ | ശ്രീ. സുബ്രമണി |
| കരാർ നം./തീയതി. | 88/AB/Lsgd/MNR/15-16/lr.13.8.2016 |
| അളവുപുസ്തകം | 292/16-17 |

| | |
|---|---|
| ആകെ വേലമൂല്യം | 271926/- |
| വാറ്റ് | 13596/- |
| ക്ഷേമനിധി വിഹിതം | 2719/- |
| കൺവീനർക്ക് നൽകിയ തുക | 255611/- |
| ആകെ | 271926/- |
| ബിൽ നം./തീ. | 25/18.07.2017(തുക നേരിട്ട് കരാറുകാരന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു |

അംഗൻവാടിയുടെ മേൽക്കൂര ഷീറ്റ് മേയുക, ഒരു മുറി വലുപ്പം കൂട്ടുക, തറയിൽ ടൈൽ പാകുക, സാധനങ്ങൾ സൂക്ഷിക്കുന്നതിന് അലമാരകൾ നിർമിക്കുക തുടങ്ങിയ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ ചെയ്യാത്ത ഇനങ്ങൾ ചെയ്തതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. അധികമായി കൺവീനർക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് | പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ അളവ് | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|
| ഇനം-2 പേജ് നം.2<br>PCC 1:4:8 | 6.4x4.3x.10=2.752m3 | 00 | 5557/m3 | 15293 |
| ഇനം-3 പേജ്-3<br>PCC1:2:4 | 6.4x4.3x.05=1.376m3 | 00 | 7440/m3 | 10237 |
| ഇനം-12 പേജ്-11<br>plastering 1:3 (0.9x2അളവിലുള്ള വാതിൽ, 1x1.1 അളവിലുള്ള ജനൽ എന്നിവയുടെ വിസ്തീർണം =2.9m2 കുറവു വരുത്തിയില്ല) | 2.9m2 | 00 | 292/m2 | 847 |

| | | | | |
|---|---|---|---|---|
| | | | | |
| ഇനം 13,പേജ് 12<br>Flooring with ceramic tiles<br>(3.6mx3.4m ചെയ്ത അളവിൽ നിന്ന് ബാത്ത് റൂമിന്റെ അളവായ 1.6x1.2കുറവു വരുത്തിയില്ല) | 1.92m2 | 00 | 1014.7/m2 | 1948 |
| ഇനം-14 പേജ് 13<br>Dadoing with wall tiles | 5.3x1.5=7.95m2,<br>5x1.2-3.75x1.2=1.5m2 | 00 | 1049.5/m2 | 9918 |
| ആകെ | | | | 38243 |

അധികമായി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ അസി.എൻജിനിയർ ശ്രീ.പി.ആർ. സുഗതനിൽനിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-7 എഫ്.റ്റി.എസ് ജീവനക്കാർക്ക് അധികദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു -അംഗീകരിക്കാത്ത ചെലവ് ₹47471/-

ഗ്രാമപഞ്ചായത്തിലെ എഫ്.റ്റി.എസ് ജീവനക്കാർക്ക് 29.02.1984 ലെ സ.ഉ(കൈ) 39/84/എൽ.എ & എസ്.ഡബ്ല്യു.ഡി പ്രകാരം പരമാവധി സറണ്ടർ ചെയ്യാവുന്ന വാർഷിക പരിധി 20 ദിവസമാണ്. എന്നാൽ താഴെ പരാമർശിക്കുന്ന ജീവനക്കാർക്ക് പരിധിയിൽ കവിഞ്ഞ് സറണ്ടർ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| പേര് | ആകെ സറണ്ടർ ചെയ്ത ദിവസങ്ങൾ | സറണ്ടർ ചെയ്ത തുക ₹ | അനുവദനീയമായ സറണ്ടർ തുക (20 ദിവസം) ₹ | അധിക തുക ₹ | വിവരണം |
|---|---|---|---|---|---|
| ശ്രീ സതീഷ് പി. മാണി | 30 | 19780 | 13187 | 6593 | വൗച്ചർ നം : 21700083<br>തീയതി: 27.04.2018<br>ചെ നം:176637<br>തുക:₹40168 |
| ശ്രീ കെ.എം ജോണി | 25 | 20388 | 16310 | 4078 | |
| ശ്രീ റ്റി.കെ സതീഷ് | 30 | 22730 | 15153 | 7577 | വൗച്ചർ നം :21700179 |

| | | | | | |
|---|---|---|---|---|---|
| ശ്രീ എം.എ മുരളീധരൻ | 30 | 22730 | 15153 | 7577 | തീയതി: 19.05.2017<br>ചെ നം: 174414<br>തുക:₹ 793028/- |
| ശ്രീമതി എം.യു ജലജ | 30 | 22730 | 15153 | 7577 | |
| ശ്രീ ഇ. ജോയ് പ്രകാശ് | 30 | 22730 | 15153 | 7577 | |
| ശ്രീ.ഒ. ഈശ്വരൻ | 24 | 19080 | 15900 | 3180 | |
| ശ്രീ. ബിനു. പി ജോസഫ് | 25 | 19875 | 16563 | 3312 | |
| | | | ആകെ | 47471 | |

അധികം അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി ജീവനക്കാരുടെ അവധികണക്കുകൾ പുനക്രമീകരിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-8 അംഗൻവാടി പോഷകാഹാര പദ്ധതി- കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് കീഴിൽ 26 അംഗൻവാടികളാണ് നിലവിലുള്ളത്. ഇവയിലൂടെയുള്ള പോഷകാഹാരവിതരണപരിപാടിക്ക് മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ അൻപതു ശതമാനം തുക തുടർവർഷങ്ങളിലെ സമാന പ്രോജക്ട് നടത്തിപ്പിനായി കേന്ദ്ര സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുപ്രകാരം പൂരക പോഷകാഹാരപരിപാടിക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ /സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 3.9.2010-ലെ 39033/ഡി.സി2/2010 നമ്പർ സർക്കുലറിൽ നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 26 അംഗൻവാടികളിൽ 08 എണ്ണത്തിനുമാത്രമാണ് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളത്. ബാക്കി 18 എണ്ണത്തിൽ ഭൂരിഭാഗവും എസ്റ്റേറ്റ് ലയങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ അംഗൻവാടികളിലെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഏറെ പരിമിതമാണ്. വൈദ്യുതി കണക്ഷൻ, ചുറ്റുമതിൽ എന്നിവ അംഗൻവാടികളിലൊന്നും ലഭ്യമാക്കിയിട്ടില്ല. ശുചിമുറി സൗകര്യം വളരെ പരിതാപകരമായ അവസ്ഥയിലും. പല കെട്ടിടങ്ങളും ജീർണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. അംഗൻവാടികളുടെ പ്രവർത്തനവും അടിസ്ഥാനസൗകര്യവികസനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യ ചുമതലയിൽപ്പെടുന്ന വിഷയമാണെങ്കിലും ഇത്തരം വിഷയമൊന്നും തൻവർഷത്തെ യോഗങ്ങളിലൊന്നും അജണ്ടയായില്ലെന്നത് ഖേദകരമാണ്. മുൻവർഷം 11-ാം വാർഡിലെ കോഫീ ഹൗസ് അംഗൻവാടിക്ക് കെട്ടിടം നിർമിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തെങ്കിലും (തീരുമാന നം.I/തീ.26.12.2016) നാളിതുവരെ പ്രോജക്ട്

ആവിഷ്കരിച്ചിട്ടില്ല. കെട്ടിടങ്ങളുടെ ഉടമസ്ഥത പഞ്ചായത്തിന് സിദ്ധിക്കാത്തതാണ് നവീകരണ/ നിർമാണനടപടികൾക്കുള്ള തടസ്സമായി അധികൃതർ ചൂണ്ടിക്കാട്ടുന്നത്. ഇത്തരം സാഹചര്യങ്ങളിൽ തങ്ങളുടെ അദ്ധ്യയനം ആരംഭിക്കേണ്ടി വരുന്നത് സാമ്പത്തികവും സമൂഹ്യവുമായി ഏറ്റവും പിന്നാക്കം നിൽക്കുന്നവരും തോട്ടം തൊഴിലാളികളുമായ ഒരു ജനവിഭാഗത്തിന്റെ അനന്തര തലമുറയ്ക്ക് സ്വാഭാവിക നീതി നിഷേധിക്കുന്നതിന് തുല്യമാണ്.

ഗ്രാമപഞ്ചായത്തിന് ടിയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ചതുൾപ്പടെ 24,00,000/-രൂപയാണ് വർഷാവസാനം നീക്കിയിരുപ്പുള്ളത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലും ഓഡിറ്റ് വർഷവും പോഷകാഹാരവിതരണപരിപാടിക്ക് ചെലവഴിച്ച കേന്ദ്രവിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 900000 | 00 |
| 2013-14 | 900000 | 00 |
| 2014-15 | 900000 | 00 |
| 2015-16 | 00 | 00 |
| 2016-17 | 00 | 00 |
| 2017-18 | 500000 | 388500 |

ലഭ്യമായ തുകയുമായി താരതമ്യം ചെയ്യുമ്പോൾ കേവലം തുച്ഛമായ തുക മാത്രമാണ് പൂരകപോഷകാഹാരപരിപാടിയ്ക്കായി കേന്ദ്ര വിഹിതത്തിൽനിന്ന് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ, ടാറ്റ കമ്പനി എന്നിവരുടെ അനുമതിയോടെ കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക മേൽപ്രസ്താവിച്ച സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

## 3-9 വയോജനങ്ങൾക്ക് കട്ടിലുകൾ ലഭ്യമാക്കിയിട്ടില്ല-തടസ്സം ₹64,09,200-

വയോജനങ്ങൾക്ക് കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരം രണ്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിരിക്കുന്നു.

1)

നിർവ്വഹണ ഉദ്യോഗസ്ഥൻ :- സെക്രട്ടറി

പദ്ധതി /പദ്ധതി നം. :- വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)/ 277/17-18

അടങ്കൽ തുക :- ₹3253800/-

ബിൽ നം./തീയതി/തുക :- 40/17-18- തീ.24.03.18 ₹3249450/-

2)

നിർവ്വഹണ ഉദ്യോഗസ്ഥൻ :- സെക്രട്ടറി

പദ്ധതി /പദ്ധതി നം. :- വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)/ 277/17-18

അടങ്കൽ തുക :- ₹3159750/-

ബിൽ നം./തീയതി/തുക :- 35/17-18- തീ.23.03.18₹3149400/-

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക്(ജനറൽ&എസ്.സി) കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി പ്രസ്തുത ബില്ലുകൾ പ്രകാരം ₹6409200/-(3249450+3159750) പിൻവലിക്കുകയും ഈ തുക 1471/- കട്ടിലുകൾ(ജനറൽ-747, എസ്.സി-721) വാങ്ങുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവ എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തു.

<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1) വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന എല്ലാ പദ്ധതികൾക്കും അർഹമായ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുക്കണമെന്നിരിക്കെ ഈ പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്ന ലിസ്റ്റിൽ നിന്നാണ്. ഗ്രാമസഭ മുഖാന്തിരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതിരിക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

2) 23.03.2018 ൽ 1471 കട്ടിലുകൾ വാങ്ങുന്നതിനായി സ്ഥാപനത്തിന് ₹6409200/- നൽകിയെങ്കിലും കട്ടിലുകൾ നാളിതുവരെ ലഭ്യമാക്കുകയോ, വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ഈ അപാകതകളുടെ അടിസ്ഥാനത്തിൽ ഈയിനത്തിൽ ചെലവാക്കിയ ₹6409200/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകതകൾ-നിരാകരണം ₹6012/-തടസ്സം ₹3,10,873/-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി/നമ്പർ | സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ-274/17-18 |
| അടങ്കൽ തുക | ₹9,21,549/- |
| ബിൽ നമ്പർ/തുക/തിയതി | 37/17-18,₹894314/-23.3.2018 |

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. മേൽ സൂചിത ബില്ല് പ്രകാരം ₹8,94,314/- പിൻവലിച്ച് FOREST INDUSTRIES TRAVANCORE LIMITED,ALUVA എന്ന സ്ഥാപനത്തിൽ നിന്നും 77 Anjili wood desk ഉം 77 Anjili woood bench ഉം വാങ്ങിച്ചിരിക്കുന്നു

സ്ഥാപനം നൽകിയിരിക്കുന്ന നം.പി.എഫ്/486/17-18 തീയതി.22.03.2018 ബിൽ പ്രകാരമുള്ള വിവരങ്ങൾ താഴെ

ചേർക്കുന്നു.

| Sl.No | ITEM | QNTY | RATE | VALUE |
|---|---|---|---|---|
| 1 | ANJILI WOOD DESK-90X35X75 | 77 | 5398 | 415646 |
| 2 | ANJILI WOOD BENCH-90X35X45/90 Cm | 77 | 4011 | 308847 |
| | | | | 7,24,493 |
| | CGST | | | 65,204 |
| | SGST | | | 65,204 |
| | | | | 8,54,902 |
| | LOADING CHARGE,TRANSPORTATION CHARGE | | | 33,400 |
| | CGST | | | 3,006 |
| | SGST | | | 3,006 |
| | | | | 8,94,314 |

<u>പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

മേൽ ബിൽ പ്രകാരം സാമഗ്രികൾക്കുള്ള കടത്തുകൂലിക്കും, കയറ്റിറക്ക് കൂലിക്കും ചരക്ക് സേവന നികുതിനത്തിന് ₹6,012/- നൽകിയിരിക്കുന്നത് (₹3,006+3,006) ക്രമ വിരുദ്ധമാണ്.

കയറ്റിറക്ക് കൂലിക്ക് ചരക്ക് സേവന നികുതിയിനത്തിൽ നൽകിയ ₹6.012/- ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9)മറുപടി പ്രകാരം അധികം നൽകിയ തുക ₹6012/- തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക ഈടാക്കി അറിയിക്കുന്നതുവരെയും നഷ്ടം, ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിലനിൽക്കുന്നതാണ്.

## 3-11 <u>വെറ്ററിനറി സർജൻ ഫയലുകൾ ഹാജരാക്കിയില്ല. തടസ്സം ₹6,25,000-</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി/നമ്പർ | പ്രത്യേക കന്നുകുട്ടി പരിപാലനം-197/17-18 |
| അടങ്കൽ തുക | ₹6,25,000/- |

| | |
|---|---|
| ബിൽ നമ്പർ/തുക/തിയതി | 1/17-18,200000/-29.1.2018 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിയ്ക്കായി മേൽ സൂചിത ബില്ല് പ്രകാരം ₹6,25,000/- പിൻവലിച്ച് ചെലവ് നടത്തിയിരുന്നു. എന്നാൽ ഈ തുകയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹6,25,000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ISO-സർട്ടിഫിക്കേഷനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല -തടസ്സം ₹2.24.000/-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി/നമ്പർ | ISO Certification for panchayat-17/17-18 |
| അടങ്കൽ തുക | 3,09,350/- |
| ബിൽ നമ്പർ/തുക/തിയതി | 42/17-18,224000/-24.3.2018 |

പഞ്ചായത്തിന് ISO സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിന് ഓഫീസ് നവീകരണത്തിനാവശ്യമായ COIR TILE വാങ്ങുന്നതിനായി മേൽ സൂചിത ബില്ലുകൾ പ്രകാരം ₹2,24,000/-പിൻവലിച്ച് KERALA STATE CO-OPERATIVE COIR MARKETING FEDERATION LTD., ALAPPUZHA എന്ന സ്ഥാപനത്തിന് നൽകിയിരുന്നു.

COIR TILE നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ISO സർട്ടിഫിക്കേഷനാവശ്യമായ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹2,24,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 സി.എച്ച്.സി യ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ (സി.എച്ച്.സി) |
| പദ്ധതി/നമ്പർ | സി.എച്ച്.സി.യ്ക്ക് -മരുന്ന് വാങ്ങൽ /98-17-18 |
| അടങ്കൽ തുക | ₹1,50,000/- |
| ബിൽ നമ്പർ/തുക/തിയതി | 6/17-18,1,50,000/-27.3.2018 |

സി.എച്ച്.സി യ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി മേൽ സൂചിത ബില്ല് പ്രകാരം ₹1,50,000/- പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിരുന്നുവെങ്കിലും ₹31429/-യുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് ബാക്കി ₹1,18,571/-തുകയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പദ്ധതി/നമ്പർ | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ /101/17-18 |
| അടങ്കൽ തുക | ₹3,00000/- |
| ബിൽ നമ്പർ/തുക/തിയതി | 1/17-18,300000/-20.10.2017 |

ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി മേൽ സൂചിത ബില്ല് പ്രകാരം ₹3,00000/- പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിരുന്നുവെങ്കിലും ₹2,00000/-യുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് ബാക്കി ₹1,00000/-യുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| പദ്ധതി/നമ്പർ | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-99/17-18 |
| അടങ്കൽ തുക | ₹2,50,000/- |
| ബിൽ നമ്പർ/തുക/തിയതി | 25/17-18,2,50,000/-26.10.2017 |

ആയുർവ്വേദ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി മേൽ സൂചിത ബില്ല് പ്രകാരം ₹2,50,000/- പിൻവലിച്ച് ഔഷധിയ്ക്ക് നൽകിയിരുന്നുവെങ്കിലും ₹1,67,955/-യുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത് ബാക്കി ₹82,045/-യുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

-ഇല്ല.-

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം.

| നിർവ്വഹണ ഏജൻസി. | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് .നം | മുൻകൂർ നൽകിയ തുക.₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭൂജലവകുപ്പ്, ജില്ലാ ഓഫീസ്. ഇടുക്കി,തൊടുപുഴ | പെരിയവര സ്റ്റാന്റ് കുഴൽ കിണർ | ഡി.ഡി.നം.82563/08.06.17 | 200000 | 0 | 200000 |
| ഭൂജലവകുപ്പ് . ജില്ലാ ഓഫീസ്. ഇടുക്കി,തൊടുപുഴ | മൂന്നാർ ഗ്രാമപഞ്ചായത്ത് കുഴൽ കിണർ | ഡി.ഡി.നം.82563/08.06.17 | 200000 | 0 | 200000 |
| എക്സി.എഞ്ചിനീയർ. പൊതുമരാമത്ത് – കെട്ടിടവിഭാഗം. ഇടുക്കി | ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് സെന്റർ | NEFT മുഖേന 08.06.2017 | 1530000 | o | 1530000 |
| എക്സി.എഞ്ചിനീയർ. പൊതുമരാമത്ത് – കെട്ടിടവിഭാഗം. ഇടുക്കി | മൂന്നാർ ടൗൺ വെയിറ്റിംഗ് ഷെഡ് മെയിന്റനൻസ്. | NEFT മുഖേന 08.06.2017 | 300000 | 0 | 300000 |
| എക്സി.എഞ്ചിനീയർ. പൊതുമരാമത്ത് – കെട്ടിടവിഭാഗം. ഇടുക്കി | പെരിയവരസ്റ്റാന്റ് വെയിറ്റിംഗ് ഷെഡ്. | NEFT മുഖേന 08.06.2017 | 300000 | 0 | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

-ഇല്ല-

## 4-5 സ്ഥിരനിക്ഷേപം.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹951101 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | ₹292812 |
| ആകെ | ₹1243913 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹578913 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹665000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| നെടുങ്കണ്ടം പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സൊസൈറ്റി എഫ്.ഡി.നം. 1078 തീ. 06-03-2015 | 665000 |

വാർഷിക കണക്കിൽ ₹50000/- മാത്രമാണ് നീക്കിയിരിപ്പ്. പലിശയിനത്തിൽ ലഭിച്ച തുക ഉൾപ്പെടുത്താതെയാണ് വാർർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹33227/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | ഖ.3-2 | 33227 | മനോജ് എം.ഒ | 11709100509 |

## 4-7 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-1996 | 4 | 1999-2000 | | പണപിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-1998 | 39 | 1999-2000 | | മരാമത്ത് വേല രേഖയില്ല | -ടി- |
| 1997-1998 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-1998 | 47 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ വാങ്ങൽ | -ടി- |
| 1998-1999 | | 2001-2002 | | ഐ.സി.ഡി.എസ്. | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | സൂപ്പർ വൈസർ നടത്തിയ ധനാപഹരണം | |
| 2001-2002 | 2-5 | 2005-2006 | | വാടക ഈടാക്കുന്നില്ല നഷ്ടം | -ടി- |
| പ്രവർത്തനാവലോകനം | | 2013-2014 | 3-5(10) | ഫ്ലോർ മിൽ,പേപ്പർ, ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്-വാങ്ങൽ ലക്ഷ്യം കൈവരിച്ചില്ല. | തൽസ്ഥിതി തുടരുന്നു. |
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ ടൂറിസം സോൺ വേയ്സ്റ്റ് മാനേജ്മെന്റ്- ലക്ഷങ്ങൾ ചെലവഴിച്ചിട്ടും മാലിന്യ പ്രശ്നത്തിന് പരിഹാരമില്ല. | തൽസ്ഥിതി തുടരുന്നു. |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5-1 | കെട്ടിടനിർമ്മാണ പെർമിറ്റ് പോരായ്മകൾ | തൽസ്ഥിതി തുടരുന്നു. |
| 2002-03 | 2-1 | 2006-07 | 3.35.33 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | |
| 2011-12 | 3-5 | 2014-15 | 6-9 | പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് 22.9 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നിഷ്ക്രിയാവസ്ഥയിൽ | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

(എ) ചാർജ് നടപടിവഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാര ങ്ങളിൽ | ആകെ ലഭിച്ച | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | ഔദ്യോഗിക സ്ഥാനം,<br>ഭരണവകുപ്പ് | | | (രസീത് നമ്പർ / തീയതി) | യിലൂടെ ഈടാക്കിയ തുക (തീയതി) | | | തുക | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 1999-00 | 22(b)(c), 23(b)(c), 24,26 | വൈ. സേതുനാഥ്, സെക്രട്ടറി | LF.12696/ SC2/03 dt.25.02.04 | 81151 | തുക അടവാക്കി യിട്ടില്ല. | | | | | 81151 | |
| 3 | 1997-98 | 29, 31 (P) | ശ്രീ.ജെ. സേതുനാഥ്, സെക്രട്ടറി | LF.20428/ SP.Cell/ SC2/01 dt.16.12.02 | 28500+ 435 | ഖണ്ഡിക.29 ₹28500/- അടവാക്കിയിട്ടില്ല.<br>ഖണ്ഡിക.31 തുക-3365/-, LF.20428/ Sp/Cell/ SC2 /01 dt.28.9.13പ്രകാരം പരാമർശം ഒഴിവാക്കി യിട്ടുണ്ട് | | | | | 28500+ 435 | |

<u>(ബി)സർചാർജ് നടപടിവഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 2 | 2005-06 | 3-2(i) | ശ്രീ. എം.എൽ. അബ്ദുൽറഹീം<br>സെക്രട്ടറി(റിട്ട.)<br>ഒറ്റപ്ലാക്കൽവീട്, കൊല്ലം.പട്ടട, ഇടുക്കി -685509 കുമിളി.പി.ഒ | LF 7457/ Sp.cell/ csc/c1/11 തി.29.4.2012 | 21511 | തുക ഈടാക്കി യിട്ടില്ല | | | | | 21511 | |
| 3 | 1999-00 | 33, 34 | വൈ.സേതുനാഥ്, സെക്രട്ടറി | LF.12696/ Sp.Cell/ SC2/03 | 23809 | തുടർ നടപടികൾ ഒന്നും | | | | | 23809 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | dt.25.2.04 | | സ്വീകരി ച്ചിട്ടില്ല. | | | | | | |
| 4 | 2007-08 | 3-13 | കെ.വിജയകമാർ, സെക്രട്ടറി | LF.16677/ Sp.Cell/CSC/ C1/12 dt.24.09.13 | 45443 | തുടർ നടപടികൾ ഒന്നും സ്വീകരി ച്ചിട്ടില്ല. | | | | | 45443 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹101841064 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹99223904 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹18965 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹91726 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹6695700 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 9483 | | ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |
| | 9482 | | ശ്രീ.സിബിച്ചൻ, സെക്ഷൻ ക്ലാർക്ക്. |
| 3-6 | | 38243 | ശ്രീ. പി.ആർ സുഗതൻ, അസി.എഞ്ചിനീയർ |
| 3-7 | | 47471 | ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |
| 3-10 | | 6012 | ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |
| ആകെ | 18965 | 91726 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 6409200 | ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |
| 3-11 | 62500 | ഡോ.സെൽവം ,വെറ്ററനറി സർജൻ |
| 3-12 | 224000 | ശ്രീ. എ.പി. ഫ്രാൻസിസ്, സെക്രട്ടറി |
| ആകെ | 6695700 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി.ആർ സുഗതൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ അടിമാലി ഗ്രാമപഞ്ചായത്ത്. | പാലോലിക്കൽ വീട്, മുരിക്കാശ്ശേരി പി.ഒ |
| എ.പി. ഫ്രാൻസിസ് , | സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത് | അറയ്ക്കൽ, മൂന്നാർ പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നം. |
|---|---|---|---|
| 1993-94 & 1994-95 | എൽ.എഫ്.ഐ-7/426/03.01.98 | 25 | 3, 4, 5, 6, 7, 8, 9,15, 16, 17, 18,19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32 |
| 1995-96 | എൽ.എഫ്.ഐ.-14/1029/13/ 01.10.13 | 15 | 2(1), 3(2), 3(3), 3(4), 3(5), 3(6),4, 5, 6, 16, 17, 18, 19, 20, 21 |
| 1996-97 | എൽ.എഫ്.ഐ.-9/389/02/09.07.02 | 22 | 27, 28, 29, 30, 31, 32, 33, 34,35, 36, 37, 38, 39, 40, 41, 42,43, 44, 45, 46, 47, 48 |
| 1997-98 | എൽ.എഫ്.ഐ.-9/725/99/25.09.01 | 24 | 27, 28, 29, 30, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 46, 47, 48, 49, 50, 51, 52 |
| 1998-99 | എൽ.എഫ്.ഐ.-9/437/01/08.11.02 | 47 | 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 45, 46, 47, 48, 49, 50, 51, 52, 53, 54, 55, 56, 57എ, 57ബി, 57 സി, 57ഡി, 57ഇ, 57എഫ്, 58എ, 58ബി, 58സി, 58ഡി, 59 |
| 1999-2000 | എൽ.എഫ്.ഐ.-9/241/04/03.05.04 | 24 | 21, 22, 22എ, 22ബി, 22സി, 23എ, 23ബി, 23സി, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39 |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.ഐ.-9/124/03/26.08.04 | 25 | 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44 |
| 2001-02 | എൽ.എഫ്.ഐ.-9/610/07/03.07.2007 | 24 | 2(2), 2(3), 2(4), 2(5), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7), 3(8), 3(9), 3(10), 3(11), 3(12), 3(13), 3(14),3(15), 3(16), 3(17), 3(18), 3(19), 3(20) |
| 2002-03 | എൽ.എഫ്.ഐ.-9/355/2009 /30.06.09 | 25 | 2(1),2(2), 2(3)എ, 2(3)ബി, 2(3)സി, 2(4), 2(5) 2(6),2(7), 2(8), 2(9), 2(10), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(8), 3(9), 3(10), 3(11), 3(12), 3(13), 3(14) |
| 2003-04 | എൽ.എഫ്.ഐ.-9/60/08/07.01.08 | 23 | 2(1), 2(2), 2(3), 2(5), 3(1), 3(2), 3(3), 3(4), 3(5)എ, 3(5)ബി, 3(6), 3(7), 3(8), 3(9), 3(10), 3(11), 3(12), 3(13), 3(14), 3(15), 3(16), 3(17), 3(18) |
| 2004-05 | എൽ.എഫ്.ഐ.-9/620/09/24.07.09 | 18 | 2(3), 2(4), 2(5), 2(6), 2(7), 2(8), 2(9), 2(10), 2(11), 2(12), 2(13), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7) |
| 2005-06 | എൽ.എഫ്.ഐ.-91108/2009/29.03.11 | 13 | 2(1),2(2), 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7), 3(8), 3(9), 3(10), 3(11) |
| 2006-07 | എൽ.എഫ്.ഐ.-14/53/12/08.02.12 | 22 | 1(1), 1(2), 1(3), 1(4), 2(1), 2(2), 2(4), 3(2), 3(3),3(5), 3(6), 3(7), 3(8), 3(10), 3(11), 3(12), 3(13), 3(14), 3(15), 3(16), 3(17), 3(18) |
| 2007-08 | എൽ.എഫ്.ഐ.-14/291/12/02.06.12 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2008-09 | എൽ.എഫ്.ഐ.-14-236/12/15.10.13 | 18 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2009-10 | എൽ.എഫ്.ഐ.-14/1360/12/ 07.07.14 | 16 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.ഐ.-14/463/13/ 03.07.14 | 12 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2011-12 | എൽ.എഫ്.ഐ.-14/215/15/01.04.15 | 20 | 2-1,2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-14/60/16/ 07.01.16 | 16 | 2-1,2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-14/405/16/ 16.04.16 | 15 | 2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ. 14/246/17/ 15.03.17 | 19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ. 14/13/ 18/03.08.18 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.14/ 1310/ 17/22.01.18 | 14 | 2-1,2-2, 2-3, 2-4, 3-2, 3-3, 3-4(2), 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം 1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-ഐ.ഡി.കെ-14/936/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 08.10.2018
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി